Vol-3 / Issue -2 / JULY 2018

# ഫോർച്ച്യൂൺ വോയ്സ്

ശരീരത്തിലൂടെ ആത്മാവിലേക്ക്





## പിതൃമൊഴി

ദൈവവിളിയിലൂടെ ദൈവം നമ്മെ പുതിയ പ്രകാശത്തിലേയ്ക്കാണ് നയിച്ചിരിക്കുന്നത്. ഓരോ ദിവസവും ഈ പ്രകാശത്തിന്റെ മനോഹാരിത പുതിയ വെളിച്ചത്തോടെ കാണുവാൻ നമുക്ക് സാധിക്കണം.


**Fortune Voice**
Vol: 3, Issue : 2, July 2018



Chief Editor
Sr Vimala George

Associate Editor
Sr Reena Maria

Editor
Sr Moncy Francis

Editorial Board
Sr Lilly Treesa, Sr Cicy Manuel,
Sr Rosy Joseph, Sr Nirmala Kuriakose
Sr Litty Xaviour, Sr Alphy Sebastian,
Sr Shiny Anna James,
Sr Remya Mathew

Layout
Sipson Antony


## ഉള്ളടക്കം




- സമർപ്പിതജീവിത പ്രസക്തി ഇന്ന്
- പ്രത്യാശയുടെ അടയാളം
- ദൈവവിളി
- ജീവിതം സന്തോഷകരമാക്കാൻ
- ദൈവം വിളിക്കുമ്പോൾ
- മഴ
- ഞെരുക്കപ്പെടുന്ന വിത്തുകൾ
- പ്രണയമാണ് യാത്രയോട്
- സ്വാതന്ത്ര്യത്തിന്റെ അതിർവരമ്പുകൾ
- പ്രത്യാശയുടെ ഫലം
- പനിയെല്ലാം നിപ്പ അല്ല; നിപ്പ പക്ഷെ വെറും പനിയുമല്ല.
- ഓട്ടോ ഒരു ചെറിയ വണ്ടിയല്ല
- വിശുദ്ധി ആനന്ദത്തിലേയ്ക്കുള്ള പാത



Single Copy ₹15/- Annual ₹60/-

**എഡിറ്റോറിയൽ**



# ദൈവവിളിയെന്ന മഹാരഹസ്യം

നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയത്രേ ചെയ്തത്-(യോഹ. 15:16.)

എന്നെ പൊതിഞ്ഞു നിൽക്കുന്ന ദൈവസ്നേഹത്തിലേയ്ക്കുള്ള തുറവിയുള്ളിടത്താണ് ദൈവവിളിയുടെ വിത്ത് വീഴുന്നത്. ദൈവവിളി ദൈവനിയോഗത്തിന്റെ നിഗൂഢതയുടെ വെളിപാടാണ്, തിരഞ്ഞെടുപ്പാണ്. നാം തിരഞ്ഞെടുക്കപ്പെട്ടത് നമ്മുടെ യോഗ്യതകൊണ്ടല്ല, ദൈവത്തിന്റെ കാരുണ്യംകൊണ്ടു മാത്രമാണ്. 'ഒടുങ്ങാത്ത സ്നേഹത്തോടെ നിന്നെ ഞാൻ സ്നേഹിച്ചു'(ജെറ. 31:3) എന്ന് കർത്താവ് പറയുന്നു. ഇതാണ് മനുഷ്യന്റെ സുരക്ഷിതത്വം. ''ഗർഭപാത്രത്തിൽ നിന്ന് കർത്താവ് എന്നെ വിളിച്ചു; അമ്മയുടെ ഉദരത്തിൽവച്ചുതന്നെ എനിക്ക് കർത്താവ് പേരിട്ടു'' (ഏശ. 49.1). ഇത് നമ്മുടെ അഭിമാനമാണ്. വിളിക്കപ്പെടുകയും സ്നേഹത്തിലൂടെ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തതിന്റെ അവബോധം.

അസ്സീസിയിലെ വിശുദ്ധ ഫ്രാൻസീസ്, 'സ്നേഹമേ, എന്നെ സ്നേഹിക്കപ്പെടാതെ പോയ സ്നേഹമേ'എന്ന് നിലവിളിക്കുന്നുണ്ട്. അതാണ് ദൈവവിളിയുടെ പടിപ്പുര. അതുപോലെ എന്റെ ദൈവവിളി സ്നേഹമാണെന്ന് പാടുന്ന വിശുദ്ധ കൊച്ചുത്രേസ്യാ. ശിഷ്ടകാലത്തെ ആത്മീയ യാത്രകളൊക്കെ ആരംഭിക്കുന്നത് അവിടെ നിന്നാണ്. സ്വന്തം സ്നേഹത്തെ നാഥനുവേണ്ടി തേച്ചുമിനുക്കാനുള്ള അവസരമാണ് പിന്നീട് ലഭിക്കുക. പകൽ മേഘമായും രാത്രി അഗ്നിയായും ആരോ ഒരാൾ കൂടെ വരുന്നുണ്ടെന്ന തോന്നൽ ദൈവവിളി സ്വീകരിച്ചവർക്ക് കരുത്തു പകരുന്നു. ദൈവം ഒരാളെ വിളിക്കുമ്പോൾ അവിടുന്ന് പറയുന്നു;'നീയെനിക്ക് പ്രാധാന്യമുള്ളവനാണ്, ഞാൻ നിന്നെ സ്നേഹിക്കുന്നു; ഞാൻ നിന്നിൽ വിശ്വസിക്കുന്നു'. അവിടുന്ന് ഇത് നമ്മോടോരോരുത്തരോടും പറയുന്നു. ആനന്ദം ജനിക്കുന്നത് അതിൽ നിന്നാണ്. ദൈവം എന്നിലേയ്ക്ക് നോക്കിയ നിമിഷത്തിന്റെ ആനന്ദമാണത്. ഇതാണ് ദൈവവിളിക്കാധാരമെന്ന് ഫ്രാൻസീസ് മാർപാപ്പ പറയുന്നു.

ദൈവവിളി ദൈവത്തിന്റെ വിളിയാണ്. ചെവികൊണ്ട് കേൾക്കുന്ന വിളിയല്ല, മറിച്ച് ഓരോ വ്യക്തിയും അന്തരംഗംകൊണ്ട് ശ്രവിക്കുന്ന സ്വരമാണത്. ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ അഭിപ്രായത്തിൽ, അത് ദൈവത്തിനുവേണ്ടിയുള്ള കാത്തിരിപ്പാണ്, ദൈവത്തിലേയ്ക്കുള്ള ഒരു വ്യക്തിയുടെ സ്വഭാവിക പ്രതിപത്തിയാണ്. പൂർണ്ണ ഹൃദയത്തോടെയും നിരന്തരം വർദ്ധിച്ചു വരുന്നതുമായ ഒരു താല്പര്യമാണത്.

കുടുംബജീവിതവും ഏകസ്ഥജീവിതവും സന്ന്യാസ സമർപ്പിത ജീവിതവുമൊക്കെ എന്റെ അഭിപ്രായത്തിൽ സംതൃപ്തി തേടിയുള്ള മനുഷ്യാന്വേഷണത്തിന്റെ വിവിധ രൂപങ്ങളാണ്. ഒരു വ്യക്തി തിരഞ്ഞെടുക്കുന്ന ജീവിതാവസ്ഥയിലെ സംതൃപ്തിയുടെ അളവനുസരിച്ചാണ് അതിന് ശ്രേഷ്ഠത കൈവരുന്നത്. ഈ ലക്കത്തിലെ പ്രതിപാദനവിഷയം ദൈവവിളിയാണ്. ദൈവവിളിയെന്നു കേൾക്കുമ്പോൾ മറ്റു വിളികളേക്കാൾ സന്ന്യാസവിളിയേപ്പറ്റിയാണ് ഓർമ്മ വരിക. സ്നേഹത്തിന്റെ പൂർണ്ണതയായ ഈശോയെ അടുത്തനുകരിക്കലാണത്. സകലർക്കും തന്റെ ഹൃദയത്തിൽ ഒരിടം ഉണ്ടെന്നുള്ള പ്രഘോഷണമാണത്. വിരിച്ച കരങ്ങൾകൊണ്ട് സകലതിനേയും, സകലരേയും ആശ്ലേഷിക്കലും അനുഗ്രഹിക്കലുമാണത്. പ്രിയമുള്ളവരേ ഈ വിളിക്ക് കാതോർക്കുക.


**സസ്നേഹം**
**സി. വിമല ജി.**




**മാർ. ജോൺ നെല്ലിക്കുന്നേൽ**
**ഇടുക്കി രൂപതാമെത്രാൻ**

# സമർപ്പിതജീവിത പ്രസക്തി ഇന്ന്

**പുരോഹിത സന്യാസ സമർപ്പിത ജീവിതങ്ങളുടെ 21-ാം നൂറ്റാണ്ടിലെ പ്രസക്തിയെന്ത്? ഈ ചോദ്യം ഏറെ കാലിക പ്രാധാന്യം ഉള്ളതാണ്.**



'ഗർഭത്തിൽത്തന്നെ എന്നെ കർത്താവ് വിളിച്ചു. അമ്മയുടെ ഉദരത്തിൽവച്ചു തന്നെ അവിടുന്ന്എന്നെ നാമകരണം ചെയ്തു' (ഏശയ്യ 49:1).

ഈ ഭൂമിയിലേയ്ക്ക് പിറന്നുവീഴുന്ന ഓരോ കുഞ്ഞും മനുഷ്യവംശത്തോട് ദൈവത്തിനുള്ള സ്നേഹത്തിന്റെ അടയാളമാണ്, ദൈവം ലോകത്തെ ഉപേക്ഷിച്ചിട്ടില്ല എന്നതിന്റെ തെളിവാണത്. തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു; 'കർത്താവിന്റെ ദാനമാണ്മക്കൾ, ഉദരഫലം ഒരു സമ്മാനവും' (സങ്കീ. 127:3) ദൈവം തന്റെ ദാനങ്ങളും സമ്മാനങ്ങളുമൊക്കെ താൻ സ്നേഹിക്കുന്നവർക്ക് നൽകുന്നു. ഈ ഭൂമിയിൽ പിറവിയെടുക്കുന്ന ഓരോ പുരോഹിതനും സന്ന്യാസിയും ഇതേ സന്ദേശം തന്നെയാണ് ലോകത്തോട് പറയുന്നത്, ദൈവം ലോകത്തെ ഒരുപാട് സ്നേഹിക്കുന്നു. അതുകൊണ്ട് ലോകരക്ഷയ്ക്കായ്, മനുഷ്യരക്ഷയ്ക്കായി 'എനിക്ക് ഇഷ്ടപ്പെട്ട ഇടയന്മാരെ ഞാൻ നിങ്ങൾക്ക് തരും' (ജറെ. 3:15).ഓരോ തിരുപ്പട്ട സ്വീകരണവും സന്ന്യാസ സമർപ്പണവും ദൈവസ്നേഹത്തിന്റെ മഹത്തായ പ്രകടനവും പ്രഘോഷണവുമാണ്. ദൈവജനത്തിന്റെ മനസ്സു നിറയുന്ന സന്തോഷത്തിന്റെ അവസരമാണ്.

ഒരു ജനതയുടെ ദൈവസന്നിധിയിലുള്ള നിലവിളിക്കുത്തരമായി സമർപ്പിത ജീവിതത്തെ സഭാപിതാക്കന്മാർ വ്യാഖ്യാനിക്കുന്നുണ്ട്. ജനം ഇടയനില്ലാതെ വഴിതെറ്റി ഉഴലുന്നതു കാണുമ്പോൾ, സങ്കടക്കടലിൽ മുങ്ങിത്താഴുമ്പോൾ ദൈവം അവന്റെ സഹായത്തിനായി ഉയർത്തുന്നതാണ് ഓരോ സമർപ്പിത വിളിയും. പ്രതിസന്ധികൾ ഏറിവരുന്ന ഇക്കാലത്ത് പൗരോഹിത്യ-സന്ന്യാസ സമർപ്പണത്തിന്റെ പ്രസക്തിയും ഏറിവരികയാണെന്ന് നാം മനസ്സിലാക്കണം. പ്രതിസന്ധികളുടെ നിലയില്ലാക്കയങ്ങളിൽ മുങ്ങിത്താഴുന്ന മനുഷ്യ ജീവിതങ്ങൾക്ക് ആശ്വാസത്തുരുത്തായി ഓരോ പുരോഹിതനും സന്ന്യാസിയും മാറുമ്പോൾ

ആർക്കവരെ മാറ്റി നിർത്തുവാനാകും. അവർ മനുഷ്യന്റെ അഭയകേന്ദ്രങ്ങളായി മാറും. അതാണ് ദൈവം പ്രതീക്ഷിക്കുന്ന സമർപ്പിത ജീവിതവും സന്ന്യാസവും. അതുതന്നെ കർത്താവിന്റെ ഹൃദയത്തിനിണങ്ങിയ ഇടയരൂപം. മനുഷ്യജീവിതം ഈ ഭൂമിയിൽ ഉള്ളിടത്തോളംകാലം സമർപ്പിത ജീവിതത്തിന്റെ പ്രസക്തി ഇക്കാര്യങ്ങളാൽ തെല്ലും കുറയുന്നില്ല.

പൗരോഹിത്യം ഇല്ലെങ്കിൽ വിശുദ്ധ കുർബ്ബാന അർപ്പണം ഇല്ല, കൂദാശകൾ ഒന്നും ഇല്ല. സഭ ഇല്ലാതാകും; ദൈവജനത്തിന്റെ നിലനിൽപ്പ് തന്നെ ഇല്ലാതാകും. ക്രിസ്ത്യാനി ലോകത്തിന്റെ ഉപ്പാണ് എന്ന് ഈശോ പറഞ്ഞിട്ടുണ്ട്. അതുപോലെ നമുക്കും പറയാനാകും, ക്രിസ്തീയ വിശ്വാസ സമൂഹത്തിന്റെ ഉപ്പാണ് പൗരോഹിത്യവും സന്ന്യാസമർപ്പിത ജീവിതങ്ങളും. ക്രിസ്തീയ വിശ്വാസത്തെ കേടുകൂടാതെ സംരക്ഷിക്കുന്നതിലും രുചികരമാക്കുന്നതിലും സമർപ്പിത ജീവിതത്തിന് നിർണ്ണായക പങ്കുണ്ട്. ഉറകെട്ട ഉപ്പാകാതെ ഗുണനിലവാരത്തോടെ ജീവിച്ച് ലോകത്തിന് നന്മയാകാൻ അവർ ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നു.

***സഭാപിതാവായ വിശുദ്ധ***
***ഗ്രിഗറി നസിയാൻസെന്റെ അഭിപ്രായത്തിൽ***
***ഇടയധർമ്മമെന്നത്;***
***ആത്മാവിനു ചിറകുകൾ നൽകുക***
***ലോകത്തിൽനിന്ന് അതിനെ രക്ഷിക്കുക.***
***അതിനെ ദൈവത്തിനു നൽകുക.***
***അവിടുത്തെ ഛായയിലുള്ളതിനെ***
***കാത്തുസൂക്ഷിക്കുക.***
***അത് നിൽക്കുമ്പോൾ കരംപിടിച്ച് നടത്തുക***
***അത് അപകടത്തിൽപ്പെട്ടാൽ രക്ഷിക്കുക***
***അത് നശിച്ചാൽ പരിശുദ്ധാത്മാവാൽ***
***ഹൃദയത്തിൽ മിശിഹായെ കുടിയിരുത്തുക.***
***ചുരുക്കത്തിൽ ദൈവവത്കരിക്കുക.***
***സ്വർഗ്ഗീയ നിരകളിൽപ്പെട്ട ഒന്നിന്റെമേൽ***
***സ്വർഗ്ഗീയാനുഗ്രഹം വർഷിക്കുക'.***



## എസ്മെരാൾഡ

മെക്സിക്കൻ സൗന്ദര്യമത്സരത്തിൽ കിരീടം ചൂടിയ എസ്മെരാൾഡ സോളിസ് ഗോൺസാലസ് ഈശോയുടെ പ്രിയ മണവാട്ടിയാകുവാൻ ആഗ്രഹിച്ച് പുവർക്ലെയർ മിഷനറീസ് ഓഫ് ബ്ലെസഡ് സാക്രമെന്റ് എന്ന സന്യാസസമൂഹത്തിൽ പ്രവേശിച്ചു. 20 വയസ്സുകാരിയായ എസ്മെരാൾഡ നുട്രീഷ്യനിസ്റ്റായി ജോലി നോക്കുകയായിരുന്നു. ദൈവത്തിന് തന്നെക്കൊണ്ട് ആവശ്യമുള്ളതിനാൽ വ്യത്യസ്തമായ വഴികളിലൂടെ തന്റെ കഴിവുകളെ അവിടുന്ന് ഫലമണിയിക്കുമെന്ന് അവൾ വിശ്വസിക്കുന്നു. 'എനിക്ക് ലഭിച്ച ഈ സമ്മാനത്തെ ഞാൻ വിലമതിക്കുന്നെങ്കിലും സന്യാസ ജീവിതത്തിലേയ്ക്ക് വന്നശേഷം ദൈവംഎന്നിൽ നിറച്ച സന്തോഷവുമായി താരതമ്യം ചെയ്യുമ്പോൾ സൗന്ദര്യറാണിപ്പട്ടം ഒന്നുമല്ല'എന്നാണവൾ പറയുന്നത്.



ഫാ. ജേക്കബ്ബ് കോയിപ്പള്ളി
വൈസ് പ്രസിഡന്റ്
പൊന്തിഫിക്കൽ ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് കാനാ, തുരുത്തി.

# പ്രത്യാശയുടെ അടയാളം

വിവിധ ദാനങ്ങളാൽ ശ്രേഷ്ഠമാണ് മനുഷ്യ ജീവിതം. മനുഷ്യനെ അവന്റെ മാഹാത്മ്യത്തിലേയ്ക്കുയർത്തുന്നത് ഈ തിരിച്ചറിവാണ്. ഒന്നും ഒന്നും കൂട്ടിയാൽ രണ്ടാണെന്ന് ചിന്തിച്ചു പറയുവാൻ മനുഷ്യനു മാത്രമേ കഴിയൂ. മനുഷ്യനു ലഭിച്ചിരിക്കുന്ന ബുദ്ധി വിശേഷവും ഉൾക്കാഴ്ചകളുമാണ് അവന്റെ ജീവിതം സന്തോഷപ്രദമാക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിക്കുന്നത്. ബുദ്ധിവിശേഷത്തിൽ നിന്നാണ് മനുഷ്യൻ തിരഞ്ഞെടുപ്പുകൾ നടത്തുക. തിരഞ്ഞെടുപ്പുകൾക്കുള്ളിൽ ജിവിത വിജയം കുടിയിരിക്കുന്നു. തന്നെ കൂടാതെ തന്നെ സൃഷ്ടിച്ച ദൈവത്തിന് തന്നെ കൂടാതെ തന്നെ രക്ഷിക്കുവാൻ കഴിയില്ലെന്ന വിശുദ്ധ അഗസ്റ്റ്യന്റെ പ്രസ്താവന അക്ഷരേഃശ്ശ ശരിയാകുന്നത് അവന്റെ തിരഞ്ഞെടുപ്പുകളോട് ബന്ധപ്പെട്ടാണ്. തന്റെ ജീവിതം എങ്ങനെയായിരിക്കണം എവിടെ എത്തിച്ചേരണം ഇക്കാര്യങ്ങൾ മനുഷ്യൻ ഉറപ്പിക്കുക തിരഞ്ഞെടുപ്പുകളിലൂടെയാണ്. ഒരു ക്രിസ്ത്യാനിയുടെഅടിസ്ഥാനപരമായ തിരഞ്ഞെടുപ്പ് നിത്യജീവനാണ്. നിത്യജീവിതത്തിലേയ്ക്കുള്ള യാത്രയിൽ ഏത് ജീവിതാവസ്ഥയിലൂടെയാകണമെന്നത് അവന്റെ തിരഞ്ഞെടുപ്പിനെ ആശ്രയിച്ചിരിക്കുന്നു.

## ദൈവവിളി

മനുഷ്യജീവിതം അതിന്റെ പ്രാരംഭങ്ങളിലെ ദൈവവിളിയാണ്. ദൈവത്തിൽ നിന്നുത്ഭവിച്ച് ഭൂമിയിലായിരുന്ന് ദൈവത്തിലേയ്ക്ക് മടക്കയാത്രയാവുന്ന ജീവിതത്തിൽ, മനുഷ്യനായി ദൈവം നീട്ടിവച്ച ഉൾവിളികളാണ് വിവാഹവും പൗരോഹിത്യ-സന്ന്യാസ ജീവിതങ്ങളും. മനുഷ്യശരീരത്തിന്റെ ക്രമീകരണം കൂടിച്ചേരലുകളിലേയ്ക്ക് തുറന്നിരിക്കുന്നു. കൂട്ടായ്മയിലായിരിക്കുക എന്നത് അതീവ



നിർണ്ണായകമായ മനുഷ്യപ്രകൃതമാണ്. പ്രകൃതത്തിൽ മനുഷ്യനെ കൂട്ടായ്മയായിരിക്കാൻ പാകത്തിൽ സൃഷ്ടിച്ച് അതിനായി ദൈവമൊരുക്കിയ പദ്ധതിയാണ് കുടുംബം. കുടുംബമാവുകയെന്നത് അടിസ്ഥാനപരമായി മനുഷ്യന്റെ പ്രകൃതത്തിൽ ചേർത്തുവച്ചിരിക്കുന്ന ദൈവനിയോഗമാണ്.

## പൗരോഹിത്യ-സന്ന്യാസവിളികൾ

മനുഷ്യപ്രകൃതത്തിൽ നൽകിയിരിക്കുന്ന സ്വഭാവിക വിളിയെ മറിക്കടക്കുവാൻ തക്കവണ്ണം അനിതര സാധാരണമായ കൃപാജലം മനുഷ്യരിലേയ്ക്ക് ദൈവം ഒഴുക്കുന്നു. ഇത് പ്രാഥമികമായി ദൈവത്തിന്റെ തിരഞ്ഞെടുപ്പും മനുഷ്യൻ അതിനോടു നടത്തുന്ന പ്രതികരണത്തിലുമാണ് നിറവേറ്റപ്പെടുക. മനുഷ്യ പ്രകൃതത്തിലെ ശാരീരിക കൂട്ടായ്മകളെ ത്യജിക്കുന്നതിനും എല്ലാവർക്കുമായിതന്നെ പങ്കുവയ്ക്കുവാനും ലഭിക്കുന്ന ഈ മഹത്തരവിളിയെ പുതിയ നിയമം വിശേഷിപ്പിക്കുക 'സ്വർഗ്ഗരാജ്യത്തിനുവേണ്ടി തന്നെത്തന്നെ ഷണ്ഡന്മാരാക്കിയവർ'എന്നാണ്. നിലത്തുവീണ് അഴിയേണ്ട ഗോതമ്പുമണികളാണ് എല്ലാ ക്രിസ്തീയ ജീവിതങ്ങളും. എങ്കിലും പ്രത്യേകമായി ഇത് സന്ന്യാസ-പൗരോഹിത്യ വിളികളിൽ കേന്ദ്രീകൃതമായിരിക്കുന്നു. ഇന്നത്തെ ലോകത്ത് ദൈവം വേർതിരിക്കുന്ന ജീവിതങ്ങൾ അധിക ഉത്തരവാദിത്വവും വലിയ അളവിൽ നേരിടേണ്ട വെല്ലുവിളികളുമുണ്ട്. യൗവ്വനത്തിൽ വിളി സ്വീകരിക്കുന്നവർക്ക് യൗവ്വനത്തിലെ സ്വഭാവിക പ്രവണതകളെ ഉപരിലക്ഷ്യം പ്രാപിക്കുവാനായി നിരാകരിക്കേണ്ടിവരും. ദൈവവിളി ഒരു വെല്ലുവിളിയാണ്. മാതാപിതാക്കളെയും ഈ ലോകബന്ധങ്ങളെയും പക്വപരമായ അകലങ്ങളിലേയ്ക്ക് അവർ മാറ്റേണ്ടിവരും. ദൈവരാജ്യ നിർമ്മിതി പങ്കാളിത്വത്തിൽ തടസങ്ങളായ ഒന്നിനേയും കാത്തുസൂക്ഷിക്കുവാൻ പാടില്ല. അപ്പോൾ ദൈവവിളി ത്യജിക്കലിന്റെ ചിത്രമാണ്. നിരന്തര പ്രാർത്ഥനയും അദ്ധ്വാനവുംവഴി മാത്രമേ സമർപ്പിതജീവിതത്തിൽ മുന്നോട്ടു നീങ്ങാനാവൂ.




ദൈവവിളി കർമ്മോന്മുഖതയുടെ പര്യായമാണ്. ഹൃദയശാന്തതയും എളിമയും അതാണ് വേർതിരിക്കപ്പെടുന്നവന്റെ സാത്വികഭാവം. അത് അവൻ തന്റെ ഗുരുവിൽ നിന്ന് പഠിക്കുന്നതാണ്. സമർപ്പിതർ മിശിഹായുടെ പ്രതിരൂപങ്ങളാവണം. വിവേകികളിൽനിന്നും വിജ്ഞാനികളിൽ നിന്നും മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തപ്പെട്ട രഹസ്യമാണ് വാസ്തവത്തിൽ ദൈവവിളി.

സമർപ്പിതർ ഒരുപാട് പരീക്ഷണങ്ങളും പരാജയങ്ങളും പരാധീനതകൾ ഉള്ളവരുമാകാം. പരാജയമല്ല സമർപ്പിതന്റെ ഭീതി. പ്രത്യാശിക്കാതിരിക്കുക എന്നതുമാത്രമാണ് സാത്താനു സമർപ്പിതനെ കീഴടക്കാനുള്ള വഴി. സമർപ്പിതർ പ്രത്യാശയുടെ അടയാളങ്ങളാകണം. ഇന്നീ ലോകത്ത് ഏറ്റവും സ്വാധീനിക്കുവാൻ കഴിയുക ലോകത്തിനായി ദൈവവിളിയിൽ തന്നെത്തന്നെ മാറ്റിവച്ചവർക്കാണ്. സമർപ്പിതന്റെ ചിരിയും ചിന്തയും വാക്കും നോട്ടവും കർമ്മവും ശാന്തതയും തിരക്കുകളിൽ പിടച്ചോടുന്ന ലോകത്തിന് തിരിഞ്ഞുനോക്കുവാൻ കാരണമാകും. ദൈവത്തിനും ഭൂമിക്കും ഇടയിലുള്ള പ്രത്യാശയുടെ വിശുദ്ധ കണ്ണിയാണ് സമർപ്പിതർ.



### ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ വാക്കുകളിൽ

# ദൈവവിളി

ദൈവവിളി– ദൈവത്തിന്റെ വിളിയാണ്. ഈ വിളി കാതുകൊണ്ട് കേൾക്കാവുന്ന ഒന്നല്ല. മറിച്ച് ദൈവത്തിന്റെ സ്വാധീനം കൊണ്ട് നമ്മുടെ ഹൃദയത്തിലൂടെ കേൾക്കാൻ സാധിക്കുന്ന സ്വരമാണ്. നമ്മുടെമേലുള്ള ദൈവത്തിന്റെ സ്വാധീനമാണത്. അവിടുത്തെ സ്വാധീനം എന്നും നമ്മിൽ നടന്നുകൊണ്ടിരിക്കുന്നു. ദൈവം മനുഷ്യന്റെ സ്വതന്ത്രമനസ്സിനെ എപ്പോഴും ആദരിക്കുന്നുണ്ട്. നാം അവിടുത്തെ ആകർഷണം അല്ലെങ്കിൽ സ്വാധീനം വേണ്ടെന്നുവെച്ചാൽ അവിടുന്ന് അത് പിൻവലിക്കും. ദൈവത്തിന്റെ സ്വാധീനം ഇല്ലാതാകുന്നത് നമ്മുടെ തിരസ്ക്കരണം മൂലമാണ്. ദൈവത്തിന് എന്നിൽ ഒരു പ്രത്യേക താൽപര്യം ഉണ്ട്. തന്റെ സ്നേഹിതന് തന്നിൽ താൽപര്യമുണ്ടെന്ന് ഒരു മണവാട്ടി മനസിലാക്കുമ്പോൾ അവൾക്ക് എന്തുമാത്രം സന്തോഷമായിരിക്കും?

ദൈവം താൻ ആകർഷിച്ച വിശുദ്ധരെ ദൈവത്തിൻെറ സ്നേഹിതന്മാർ എന്നാണ് വിളിച്ചിരുന്നത്. അവർ തന്റെ സ്നേഹിതന്മാർ ആയിരിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുകയും ചെയ്തിരുന്നു. പക്ഷേ നാം തികച്ചും വ്യത്യസ്തരാണ്. നമ്മുടെ സഹപാഠികൾ, കൂട്ടുകാർ, നമ്മെപോലെ നല്ലവരായിരുന്നവർ നമ്മെക്കാൾ മെച്ചപ്പെട്ടവർ ഇവരെയൊന്നും ഈശോ തിരഞ്ഞെടുക്കാതെ നമ്മെ മാത്രം തിരഞ്ഞെടുത്തിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന് നാം ചിന്തിച്ചേക്കാം. ഈശോയോടുകൂടി നല്ല വ്യക്തിബന്ധത്തിലായിരിക്കുവാനുള്ള പ്രത്യേകമായ വിളിയാണ് ദൈവവിളി. ഈശോ നമ്മോടു പറയുന്നു, വന്നു കാണുക, എന്നോടൊത്ത് വസിക്കുക. നമുക്കു ലഭിച്ചിരിക്കുന്ന വലിയ ബഹുമതിയാണിത്. നമ്മുടെ പ്രത്യുത്തരം ഇങ്ങനെ ആയിരിക്കണം, നാഥാ ഇതാ ഞാൻ അതിനു തയ്യാറായിരിക്കുന്നു.

ദൈവവിളിയിലൂടെ ദൈവം നമ്മെ പുതിയ പ്രകാശത്തിലേയ്ക്കാണ് നയിച്ചിരിക്കുന്നത്. ഓരോ ദിവസവും ഈ പ്രകാശത്തിന്റെ മനോഹാരിത പുതിയ വെളിച്ചത്തോടെ കാണുവാൻ നമുക്ക് സാധിക്കണം. ദൈവവിളിയിൽ നിലനിൽക്കുന്ന ഒരു



ദൈവം നമു
ക്കായി നല്കുന്നത്
നാം നിരസിക്കുന്നു.
നമ്മുടെ ദൈവവിളിയിലൂടെ
ദൈവം നമ്മെ പുതിയ
വെളിച്ചത്തിലേയ്ക്ക് നയി
ക്കുകയാണ്.

വ്യക്തി പറയും; ദൈവമേ എനിക്ക് നിന്നെ മതി. മറ്റൊന്നും വേണ്ട. അത് ആ വ്യക്തിയെ സന്ന്യാസ ജീവിതത്തിലേയ്ക്കും വ്രതത്തിലൂടെ ദൈവവുമായി തന്നെത്തന്നെ ബന്ധിപ്പിക്കുന്ന അത്ഭുതകരമായ അനുഭവത്തിലേയ്ക്കും നയിക്കും.

ദൈവവുമായി ഗാഢ വ്യക്തിബന്ധത്തിലേയ്ക്കുള്ള വിളി അമൂല്യനിധിയാണ്. ഇത് സ്വന്തമാക്കുവാൻ ഞാൻ എല്ലാം വില്ക്കുകയോ അഥവാ ഉപേക്ഷിക്കുകയോ ചെയ്യണം. എങ്ങനെയാണ് ഒരാളുടെ വിളി യഥാർത്ഥത്തിലുള്ളത് ആണോ അല്ലയോ താൽക്കാലികമായ ഒരു തീക്ഷ്ണത മാത്രം ആണോ എന്ന് മനസ്സിലാക്കുന്നത്?

ഒരുവ്യക്തിക്ക് സന്യാസജീവിതത്തോട് ആകർഷണം തോന്നുകയും അതിൽ സ്ഥിരമായി ത്യാഗങ്ങൾ ഏറ്റെടുത്ത് വളരുകയും ചെയ്യുന്ന ഒരു അനുഗ്രഹമായിട്ട് അനുഭവപ്പെട്ടേക്കാം. എന്നാൽ ഇതിനേക്കാൾ ഉപരിയായി തങ്ങളുടെ ബോധ്യങ്ങൾക്കു പോലും പ്രതീക്ഷിക്കാൻ സാധിക്കാത്ത ത്യാഗങ്ങൾ കടന്നു വന്നാലും അവയെ യാഥാർത്ഥ്യബോധത്തോടെ സ്വീകരിക്കുന്ന വ്യക്തികളേയും നമുക്ക് കാണുവാൻ സാധിക്കും. അവർ മനസ്സിലാക്കുന്നത് കരുതൽ ആയിട്ടുള്ള ജീവിതത്തേക്കാളും ത്യാഗപൂർണ്ണമായ ജീവിതമാണ് എന്നെ സംബന്ധിച്ച് ദൈവം അർത്ഥമാക്കുന്നത് എന്നാണ്. ദൈവവിളി എന്നത് പ്രത്യേക ദാനമാണ്. ഈ ദാനം നമ്മുടെ യോഗ്യതകൊണ്ട് കിട്ടിയ ഒന്നല്ല. ഇത് ദൈവം നല്കുന്ന ഒരു അനുഗ്രഹമാണ്. നമ്മുടെ സഹകരണത്തിലൂടെ നല്കപ്പെടുന്നു. എന്നാൽ നമ്മുടെ പിന്മാറ്റം നിസ്സഹകരണം തന്നെ. നാം തന്നെ അവിടുത്തെ ഈ ദാനത്തിൽ നിന്ന് പിന്മാറുന്നു. ദൈവം നമുക്കായി നല്കുന്നത് നാം നിരസിക്കുന്നു. നമ്മുടെ ദൈവവിളിയിലൂടെ ദൈവം നമ്മെ പുതിയ വെളിച്ചത്തിലേയ്ക്ക് നയിക്കുകയാണ്. നമ്മുടെ കടമയാണ് ഓരോ ദിവസവും ഈ വെളിച്ചത്തിന്റെ മനോഹാരിത ആസ്വദിക്കുക എന്നത്. ദൈവവിളി എന്ന ദാനത്തിൽ നിലനിൽക്കുവാൻ നിരന്തരം പരിശ്രമിക്കണം. അതായത് ദൈവ-സഹോദര സ്നേഹത്തിൽ വളരുകയും വളരുവാൻ പരിശ്രമിക്കുകയും ചെയ്യണം. ഒരോ ദിവസമെങ്കിലും ഈ പരിശ്രമം നാം നടത്തിയില്ലെങ്കിൽ ദൈവവിളി വളർത്തുന്നതിൽ നമ്മുടെ ഭാഗത്തുനിന്ന് വരുന്ന ഒരു വീഴ്ചയായിരിക്കുമത്. കാരണം, ദൈവവിളി എന്നത് ജീവിതകാലം മുഴുവനും തുടരുന്ന പ്രക്രിയയാണ്. ജീവിതകാലം മുഴുവനും ദൈവം നമ്മെ വിളിച്ചുകൊണ്ടിരിക്കുന്നു. നാം ആ വിളിക്ക് പ്രത്യുത്തരം നൽകിക്കൊണ്ടിരിക്കണം. ദൈവവിളി നഷ്ടപ്പെടുന്നതിനു പിന്നിൽ മാനുഷികമായ കാരണങ്ങൾ ഉണ്ടായേക്കാം. എന്നാൽ, മാനുഷിക കാരണങ്ങളേക്കാൾ കൂടുതലായി, ലഭിച്ച ദൈവവിളിയെ നിരസിച്ചതും അവിടുത്തോടുള്ള വ്യക്തിബന്ധത്തിന്റെ കുറവുമാണ് മുമ്പിൽ നിൽക്കുന്നത് എന്ന് മനസ്സിലാക്കുവാൻ സാധിക്കും. നമുക്കാർക്കും ദൈവവിളി സൃഷ്ടിക്കുക സാധ്യമല്ല. എന്നാൽ, ദൈവവിളിയെ വളർത്തുവാൻ സഹായകമാകുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കുവാൻ നമുക്ക് സാധിക്കും.



സെബിൻ എസ്. കൊട്ടാരം

# ജീവിതം സന്തോഷകരമാക്കാൻ


കഴിഞ്ഞ ദിവസം എന്റെയടുത്ത് കൗൺസിലിംഗിനു വന്നതായിരുന്നു ചെറുപ്പക്കാരായ ആ ദമ്പതികൾ. വളരെ സന്തോഷകരമായി അവരുടെ ദാമ്പത്യജീവിതം മുന്നോട്ടുപോകുന്നതിനിടയിലാണ് അപ്രതീക്ഷിതമായുണ്ടായ രോഗത്തെത്തുടർന്ന് ഭർത്താവിന്റെ ശരീരം ഭാഗികമായി തളർന്നത്. പരസഹായമില്ലാതെ എഴുന്നേൽക്കുവാനോ നടക്കുവാനോ കഴിയാത്ത അവസ്ഥ. കൈകളും ഭാഗികമായി തളർന്ന അവസ്ഥയിലാണ്.

അതുവരെ ജോലിക്കുപോയിരുന്ന അദ്ദേഹത്തിന് രോഗിയായതോടെ വീട്ടിൽ കിടക്കയിൽ തന്നെ കഴിയേണ്ടിവന്നു. ഏറെനാളത്തെ ചികിത്സയിക്ക്ശേഷം പരസഹായത്താൽ പിടിച്ച് നടക്കാമെന്നായി. ഭർത്താവിന്റെ കാര്യങ്ങളെല്ലാം നോക്കിയശേഷം കുടുംബം പുലർത്താനായി ഭാര്യജോലിക്കു പോകും. പ്രമുഖ സ്ഥാപനത്തിലെ ഉദ്യോഗസ്ഥയാണ് ഭാര്യ. തന്റെ ഭർത്താവിനെ കുളിപ്പിക്കുന്നതും പ്രാഥമികകാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി കൊണ്ടുപോകുന്നതും ഭക്ഷണം കഴിപ്പിക്കുന്നതുമെല്ലാം ഈ യുവതിയാണ്.

പക്ഷേ, സജീവമായജീവിതത്തിൽ നിന്ന് പെട്ടെന്ന് ചെറിയകാര്യത്തിനുപോലും ഭാര്യയെ ആശ്രയിച്ചുകൊണ്ട് ഒറ്റമുറിക്കുള്ളിലെ കിടക്കയിലേയ്ക്ക് ഒതുങ്ങേണ്ടി വന്നതോടെ അദ്ദേഹത്തിന്റെ ആത്മവിശ്വാസവും സന്തോഷവും നഷ്ടപ്പെട്ട അവസ്ഥയിലാണ്. തന്റെ ഭർത്താവിനെയുംകൂട്ടി നൂറിലധികം കിലോമീറ്ററുകൾ താണ്ടിയാണ് ഈ യുവതി കൗൺസലിംഗിനായി വന്നത്. തന്റെ ദുർബലമായ തോളിലേയ്ക്ക് ഭർത്താവിന്റെ കൈകളിട്ട്, പ്രിയതമനെ ഒറ്റയ്ക്ക്താങ്ങിക്കൊണ്ട് ആ യുവതി എത്തി. പരിചയപ്പെട്ടതും ഞാൻ വിസിറ്റിംഗ്കാർഡ് ഭാര്യയുടെ കൈകളിലേയ്ക്ക് നീട്ടി. വിറയ്ക്കുന്ന കൈകൾകൊണ്ട് ഭർത്താവിന് കാർഡ് വാങ്ങാനുള്ള ബുദ്ധിമുട്ടോർത്തായിരുന്നു ഭാര്യയുടെ നേർക്ക് കാർഡ് നീട്ടിയത്. പക്ഷേ തന്റെ ഭർത്താവിനു കൊടുത്തേയ്ക്കു എന്നവർ ആംഗ്യംകാട്ടി.

ഭാഗികമായി തളർന്ന അവസ്ഥയിൽ പൂർണമായും തന്റെ ഭാര്യയെ ആശ്രയിച്ചാണ് ആ മനുഷ്യൻ ജീവിക്കുന്നത്. കുടുംബ ഭദ്രതയ്ക്കായി ജോലിക്കു പോകുന്നതും ഭർത്താവിന്റെ എല്ലാകാര്യങ്ങളും നോക്കുന്നതും ഈ യുവതിയാണ്. എങ്കിലും തന്റെ പതിക്കുകൊടുക്കേണ്ട ബഹുമാനം തന്റെ ഒരു ചെറു പ്രവൃത്തികൊണ്ടുപോലും ഇല്ലാതാകരുതെന്ന അവരുടെ നിഷ്ഠ കണ്ടപ്പോൾ ആദരവ് തോന്നി.

ഏതു ബന്ധത്തിലും സന്തോഷം നിലനിൽക്ക



ണമെങ്കിൽ അവിടെ സ്നേഹവും പരസ്പര ബഹുമാനവും ആവശ്യമാണ്. നാം ഒരാളെ ബഹുമാനിക്കുന്നത് കേവലം സൗന്ദര്യമോ പദവിയോ വിദ്യാഭ്യാസയോഗ്യതയോ പണമോ അധികാരമോ മാത്രം നോക്കിയാണെങ്കിൽ അവ നഷ്ടപ്പെടുമ്പോൾ അതില്ലാതാകും.

കുടുംബ ജീവിതത്തിൽ പരസ്പരം ഗുണങ്ങളും കുറവുകളും മനസ്സിലാക്കിക്കൊണ്ട്, നിസ്വാർത്ഥമായി സ്നേഹിക്കുവാൻ കഴിയുമ്പോഴാണ് സഹനങ്ങൾ സന്തോഷത്തോടെ ഏറ്റുവാങ്ങാൻ നമുക്ക് കഴിയുന്നത്. ഒത്തിരിയേറെ മികച്ച നടന്മാർക്കും സംവിധായകർക്കും തിരക്കഥാകൃത്തുക്കൾക്കും ജന്മം നൽകിയ കൊച്ചിൻ കലാഭവന്റെ സ്ഥാപകനാണ് പരേതനായ ആബേൽ അച്ചൻ സഹനവുമായി ബന്ധപ്പെട്ട് അദ്ദേഹം തന്റെ ജീവിതത്തിലെ ഒരനുഭവം പങ്കുവെച്ചിട്ടുണ്ട്.

റോമിൽ വൈദികപഠനം നടത്തുന്ന കാലം. അന്ന് വൈദിക പാഠശാലയിലേയ്ക്ക് പോകുന്നവഴി വൈദിക വിദ്യാർത്ഥികളെ കളിയാക്കാനും ചീത്ത വിളിക്കുവാനും പണം കൊടുത്ത് ആളുകളെ നിർത്തിയിരുന്നു. മറ്റുള്ളവർ പ്രകോപിപ്പിക്കുന്ന രീതിയിൽ പെരുമാറുമ്പോൾ അതിനോട് വൈദിക വിദ്യാർത്ഥികൾ എങ്ങനെ പ്രതികരിക്കുന്നുവെന്ന് പരിശോധിക്കാനും, പ്രകോപനമുണ്ടാക്കുന്ന സന്ദർഭങ്ങളെ ശാന്തതയോടും സമചിത്തതയോടും നേരിടാൻ പരിശീലിപ്പിക്കുകയുമായിരുന്നു ആ പ്രവൃത്തിക്കുപിന്നിലെ ലക്ഷ്യം

നമ്മുടെ ജീവിതത്തിലും നമുക്ക് സ്വീകാര്യമല്ലാത്ത അനേകം സന്ദർഭങ്ങൾ ഉണ്ടാകാം. വാക്കുകൾകൊണ്ടോ ശരീരം കൊണ്ടോ ഉള്ള മുറിവേൽപ്പിക്കലുകൾ, അപമാനിക്കൽ, ചതി, ഒറ്റപ്പടുത്തൽ, അഹങ്കാരം നിറഞ്ഞ പെരുമാറ്റം, അവഗണന തുടങ്ങിയ പെരുമാറ്റരീതികളിലെല്ലാം അതേ നാണയത്തിൽ തിരിച്ചടിക്കാൻ ശ്രമിച്ചാൽ നാമും അവരും തമ്മിൽ വ്യത്യാസമില്ലാതെയാകും. മറ്റൊരാൾ നമ്മെ പ്രകോപിപ്പിക്കാൻ ശ്രമിക്കുമ്പോൾ നാമും അതേ നാണയത്തിൽ തിരിച്ചടിക്കുമ്പോൾ നമ്മിലും നിഷേധാത്മക ഊർജ്ജം നിറയുന്നു. അത് നമ്മുടെ ശാന്തിയും സന്തോഷവും കെടുത്തും. അതിനാൽ ക്ഷമയും സമചിത്തതയും ശാന്തതയും പരിശീലിക്കുക.

## പ്രാർത്ഥന മികച്ച ഔഷധം

നമ്മുടെ ജീവിതത്തിലെ ഏതു പ്രശ്നവും പരിഹരിക്കാനുള്ള മികച്ച ഔഷധമാണ് പ്രാർത്ഥന. ഹൃദയത്തിൽ കളങ്കമില്ലാതെ പ്രാർത്ഥിച്ചാൽ തീർച്ചയായും ഈ പ്രാർത്ഥനയ്ക്ക് ഉത്തരം കിട്ടും.

## തിരക്കുകൾക്ക് ബ്രേക്കിടാം

തിരക്കുകളിൽ നിന്ന്വിട്ട് ആഴ്ചയിലൊരിക്കലെങ്കിലും കുടുംബാംഗങ്ങളോടൊത്ത് അടുത്തെവിടെയെങ്കിലും ഔട്ടിംഗിനു പോവുക. മൂന്നുമാസം കൂടുമ്പോൾ എവിടേക്കെങ്കിലും രണ്ടോമൂന്നോ ദിവസം കുടുംബാംഗങ്ങളോടൊപ്പം ടൂർ പോവുക. ഇതെല്ലാം മാനസികമായ പിരിമുറുക്കം അകറ്റാനും കൂടുതൽ റിലാക്സ്ഡ് ആകുവാനും സഹായിക്കും.

നിങ്ങളുടെ സന്തോഷം കൊടുത്താൻ മറ്റാർക്കും കഴിയില്ല. ജീവിതത്തിൽ നിങ്ങൾ നേരിടുന്ന കാര്യങ്ങളോട് നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു എന്നതിലാണ് സന്തോഷവും സംതൃപ്തിയും. പോസിറ്റീവായി ജീവിതത്തിലെ അപ്രതീക്ഷിത സാഹചര്യങ്ങളെ നേരിടൂ. അവിടെ സന്തോഷം കെടാതെ നിൽക്കും.

(ഇന്ത്യയിലെ മികച്ച മാധ്യമപ്രവർത്തകനുള്ള ദേശീയ അവാർഡും ധീരതയ്ക്കുള്ള ഇന്ത്യൻ പ്രസിഡന്റിന്റെ മെഡലും നേടിയിട്ടുള്ള പ്രമുഖ രാജ്യാന്തര മോട്ടിവേഷൻ സ്പീക്കറും മാധ്യമപ്രവർത്തകനും ഇരുപത്തഞ്ചോളം ജീവിത വിജയഗ്രന്ഥങ്ങളുടെ രചയിതാവുമാണ് ലേഖകൻ, ഫോൺ- 9497216019)



## കുടുംബം

എല്ലാ വിളികളുടെയും ഉത്ഭവം ദൈവത്തിൽ നിന്നാണ്. എന്നാൽ അത് വളരുന്നതിനും ഫലം പുറപ്പെടുവിക്കുന്നതിനും അനുകൂല സാഹചര്യം സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. ദൈവവിളിയുടെ ഈറ്റില്ലം കുടുംബമാണ്. നല്ല കുടുംബത്തിൽനിന്നും നന്മയുള്ള സമൂഹത്തിൽ നിന്നുമാണ് നല്ല ദൈവവിളികൾ ഉണ്ടാകുന്നത്. ക്രൈസ്തവ വിശ്വാസവും പാരമ്പര്യവുമുള്ള കുടുംബങ്ങൾ വിശ്വാസം കൈമാറ്റം ചെയ്യുന്നു. ഇത് ദൈവവിളിയെ പ്രോത്സാഹിപ്പിക്കുന്നു.



ഫാ. തോമസ് വാളന്മനാൽ. MA. B.Ph. M Th

# ദൈവം വിളിക്കുമ്പോൾ

'തന്റേതായ എല്ലാം ഉപേക്ഷിച്ചും തന്നിൽ നിന്ന് പുറത്തിറങ്ങിയും അപരനിലേയ്ക്ക് ഇറങ്ങിച്ചെല്ലുന്ന ജീവിതരീതിയുടെ സ്വപ്നസാക്ഷാത്കാരമാണ് ദൈവവിളി' (ഫ്രാൻസീസ് മാർപാപ്പ). ദൈവം മനുഷ്യമക്കൾക്കായി കരുതിവെച്ച അമൂല്യസുവിശേഷത്തിന്റെ ആനന്ദത്തിൽനിന്ന് ആരും ഒഴിവാക്കപ്പെട്ടിട്ടില്ല എന്ന സത്യം തിരിച്ചറിഞ്ഞ്, ഈശോയുടെ രക്ഷിക്കുന്ന ആലിംഗനത്തിലേയ്ക്ക് കടന്നുവരാൻ, ദൈവത്തിന്റെ കരുതലുള്ള സ്നേഹം നുകരുവാൻ, ഈശോയിലുള്ള വിശ്വാസവും അവനു പിന്നാലെയുള്ള യാത്രയും ദൈവവിളിയിലേയ്ക്കുള്ള സൗന്ദര്യത്തിന്റെ വഴിയായി ഫ്രാൻസീസ് മാർപാപ്പ കാണുന്നു.

ദൈവം തന്റെ ആത്മാവിനെ നൽകി ഒരുവനെ അമ്മയുടെ ഉദരത്തിൽ ഉരുവാക്കുമ്പോൾ മുതൽ അവനിലുള്ള ദൈവഹിതം ആരംഭിക്കുകയായി. 'നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്' (യോഹ. 15:16). ഓരോ ദൈവവിളിയും ഈശോയുടെ തിരഞ്ഞെടുപ്പും അതിൽ പരിശുദ്ധ അമ്മയുടെ മുദ്രവയ്ക്കലുമാണ്. ഇടയനില്ലാത്ത ആടുകളെപ്പോലെ ചിതറിയോടിയ ശിഷ്യഗണം, ഒരിക്കൽ തിബേരിയൂസിന്റെ തീരത്ത് ഉപേക്ഷിച്ച വള്ളവും വലയുമന്വേഷിച്ച് നടന്നപ്പോൾ കാലിയായിത്തുടങ്ങിയ കൽഭരണികളിൽ വിശ്വാസത്തിന്റെ വീഞ്ഞ് നിറച്ച്അവരെ  പന്തക്കുസ്താനുഭവത്തിലേയ്ക്ക് നയിച്ച പരിശുദ്ധ അമ്മയുടെ മുദ്രവയ്ക്കൽ ദൈവവിളിയുടെ സാക്ഷ്യപത്രമാണ്.

മഹത്തായ ദൈവവിളിയാണ് കുടുംബ ജീവിതം. രണ്ടാംവത്തിക്കാൻ കൗൺസിൽ വിശേഷിപ്പിക്കുന്നതുപോലെ 'ഗാർഹിക സഭ'യായ കുടുംബത്തിൽ, തിരുകുടുംബത്തിന്റെ മാതൃകയിൽ ദൈവത്താൽ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന മക്കളെ ദൈവഹിതമനുസരിച്ച് വളർത്തി അവരെക്കുറിച്ചുള്ള ദൈവതിരുമനസ്സ് നിറവേറ്റുവാൻ വിളിക്കപ്പെട്ടവരാണ് ഓരോ പിതാവും മാതാവും. പൗരോഹിത്യ-സന്ന്യാസ വിളികൾ ആരംഭിക്കുന്നത് കുടുംബത്തിൽ നിന്നാണ്.

മാതാപിതാക്കളുടെ ആഴമായ സ്നേഹബന്ധത്തിൽ നിന്ന് ഉയിരെടുക്കുന്ന കുഞ്ഞുങ്ങൾക്ക് കൂദാശകളിലൂടെയും കുടുംബ പ്രാർത്ഥനയിലൂടെയും അവരുടെ പങ്കുവയ്ക്കലിന്റെയും മുറിയപ്പെടലിന്റെയും നേർക്കാഴ്ചകളിലൂടെ വളർന്നുവരുമ്പോൾ ഈശോ അവരുടെ ഹൃദയത്തോട് സംസാരിക്കുന്നത് നേരിട്ട് ശ്രവിക്കാനാകും. ദൈവപദ്ധതിയോട് ചേർന്ന് ദൈവവിളി തിരഞ്ഞെടുക്കുവാൻ പരിശുദ്ധാത്മാവ് അവരെ സഹായിക്കുകയും ചെയ്യും. ഈശോയുടെ സ്നേഹവും അവനോടുള്ള സ്നേഹവും അവരെ സമർപ്പിത ജീവിതത്തിലേയ്ക്ക് ആകർഷിച്ചടുപ്പിക്കും.

'തന്നോടുകൂടെ ആയിരിക്കുന്നതിനും പ്രസംഗിക്കുവാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കുവാൻ അധികാരം നൽകുന്നതിനുമായി അവൻ പന്ത്രണ്ട് പേരെ നിയോഗിച്ചു' (മർക്കോ. 3:14-15). കൂടെയിരിക്കുവാനും കൂട്ടായിരിക്കുവാനുമുള്ള ദൈവികപദ്ധതിയുടെ അതിശ്രേഷ്ഠ ആഹ്വാനമാണിത്. ആരുമില്ലാതിരുന്നവർക്ക് എല്ലാമായിക്കൊണ്ട്, അവരുടെ വേദനകളിൽ സൗഖ്യം പകർന്നുകൊണ്ട്  പാലസ്തീനായുടെ തെരുവോരങ്ങളിലൂടെ നടന്നുനീങ്ങിയവന്റെ പാദങ്ങളാ

കാൻ, ഹൃദയത്തിൽ അലിവുതോന്നി കാരുണ്യം പെയ്തിറങ്ങിയവന്റെ മിഴികളാകുവാൻ, അനുഭവിച്ച റിഞ്ഞ പിതൃസ്നേഹത്തിന്റെ മാധുര്യം അറിയാത്ത ലോകത്തിനു പങ്കുവയ്ക്കാനുള്ള നാവാകാൻ, സെഹിയോന്റെ വിരുന്നുമേശയിൽ മുറിയപ്പെട്ടവന്റെ ശരീരരക്തങ്ങൾ എടുത്തുയർത്തി സഭാതനയർക്ക് പങ്കുവയ്ക്കുന്ന അവന്റെതന്നെ കരങ്ങളാകുവാനുള്ള വിളിയാണ് പൗരോഹിത്യം.

ഈശോ രാത്രി മുഴുവൻ പ്രാർത്ഥിച്ച് തനിക്കിഷ്ട മുള്ളവരെ അടുത്ത് വിളിച്ച് തന്നോടുകൂടെയായിരി ക്കുവാൻ ശിഷ്യന്മാരെ സ്വന്തമാക്കിയ അതേവിളിയും തിരഞ്ഞെടുപ്പുമാണ് ഓരോ പൗരോഹിത്യ വിളി യിലും പൂർത്തിയാക്കപ്പെടുന്നത്. അവസാനതുള്ളി രക്തവും മണ്ണിലേയ്ക്കിറ്റു വീഴുമ്പോഴും ദൈവഹി തത്തിന് സ്വയം സമർപ്പിച്ചവനെ പിൻചെന്ന്, വിശു ദ്ധീകരിക്കുന്ന ബലിക്കല്ലിൽ നിന്നും ശക്തിയാർജിച്ച് സഭാതനയരെ ബലപ്പെടുത്തി നയിക്കാൻ കരുത്താ കേണ്ടവിളി. ദൈവസ്നേഹത്തിന്റെ മരക്കുരിശിൽ കരങ്ങൾ വിരിച്ചുപിടിച്ച് ദൈവമക്കളെ ബലിക്കല്ലിൽ കെട്ടിയിടാൻ ഈശോ തിരഞ്ഞെടുത്ത ശ്രേഷ്ഠമായ ചങ്ങലയാണ് ഓരോ പുരോഹിതനും.

പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, നയിക്കുക എന്നീ പൗരോഹിത്യധർമ്മങ്ങൾക്കൊപ്പം ആധു നികതയുടെ കുത്തൊഴുക്കിൽപ്പെട്ട് ജീവിതം കൈമോശം വന്നവർക്ക് കൈത്താങ്ങാകുവാൻ, സ്നേഹരാഹിത്യത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് വലിച്ചെറിയപ്പെടുന്നവരുടെ ആത്മനൊമ്പരങ്ങളിൽ പരിഗണനയുടെയും പരിലാളനയുടെയും എണ്ണയും വീഞ്ഞുമൊഴുക്കുന്ന നല്ല സമറിയാക്കാരനാ കുവാൻ, തകരുന്ന കുടുംബബന്ധങ്ങ ളിൽദൈവാശ്രയത്തിന്റെ ശക്തമായ അടിത്തറപാകുവാൻ, സഭാംഗങ്ങളെ വിശുദ്ധിയിലേയ്ക്ക് നയിക്കുവാൻ, വിശുദ്ധരാകുവാൻ വിളിക്കപ്പെട്ടവ രാണ് പുരോഹിതർ.

'ഒഴിഞ്ഞ വയറുമായി ദരിദ്രർ മരിക്കുന്നത് ദൈവം അവ രെക്കുറിച്ച് പരിപാ ലനാത്മകമായ ശ്രദ്ധചെലുത്താ തിരിക്കുന്നതു കൊണ്ടല്ല അത് സംഭവിക്കുന്നത്, നിങ്ങളും ഞാനും അവർക്ക് ആവശ്യമായിരിക്കുന്നത് നല്കാൻ ആഗ്രഹിക്കാതിരിക്കുന്നതുകൊണ്ടാണ് (മദർതെരേസ). തെരുവിൽ നിന്ന് ഞാൻ സ്വന്തമാക്കിയ പുഴുവരി ക്കുന്ന മനുഷ്യശരീരത്തിൽ ഈശോയുടെ മുഖം ദർശിച്ച കൽക്കട്ടയിലെ വിശുദ്ധ മദർതെരേസ യെപ്പോലെ അനാഥരെ പരിപാലിക്കുന്നതിനും ആതുര ശുശ്രൂഷയ്ക്കുമായി ജീവിതം ഉഴിഞ്ഞു വച്ചിരിക്കുന്ന സന്യസ്തർ ഈശോയുടെ കരുണ യുടെ മുഖമാണ് ലോകത്തിനു മുമ്പിൽ പ്രഭാപൂ രിതമാക്കുന്നത്. പരലോകമായ പറുദീസയിലെ മാലാഖമാർക്കടുത്ത ജീവിതം ഇഹത്തിലേ ആരം ഭിക്കുകയാണ് സമർപ്പിത വിളിയിലൂടെ അവർ. 'ഇതാ കർത്താവിന്റെ ദാസി'എന്നവിളിയോട് പ്രത്യുത്തരിച്ച് ആദ്യത്തെ സക്രാരിയായ പരി ശുദ്ധ മറിയത്തിന്റെ മാദ്ധ്യസ്ഥ്യം ദൈവവിളിയോട് വിശ്വസ്താപൂർവ്വംചേർന്നു നിൽക്കുവാൻ നമുക്ക് തുണയാകട്ടെ. ഓരോ ദൈവവിളിയും ശ്രേഷ്ഠ മാണെന്ന തിരിച്ചറിവിലേയ്ക്ക് നമുക്ക് വളരാം. നമുക്ക് ലഭിച്ചിരിക്കുന്ന വിളി എന്താണെന്നതിനെ ആശ്രയിച്ചല്ല, പിന്നെയോ ആ വിളി നാം എത്ര മാത്രം വിശ്വസ്തതയോടെ ഏറ്റെടുക്കുന്നു എന്നത നുസരിച്ചാണ് നമുക്കുള്ള സ്വർഗ്ഗീയ സമ്മാനം. 'അവൻ പറയുന്നതുപോലെ ചെയ്യുവിൻ' എന്നു പറഞ്ഞ് മനുഷ്യജീവിതത്തിൽ പ്രത്യാശയുടേയും സ്നേഹത്തിന്റേയും മുന്തിരിച്ചാറു നിറയ്ക്കുന്ന പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം നമുക്കുറപ്പുള്ള കോട്ടയായിത്തീരട്ടെ.





**റോബിൻ എഴുത്തുപുര**
**മലയാളവിഭാഗം, ജെ.പി.എം കോളേജ്, ലബ്ബക്കട**

# മഴ



വെയിൽത്തെരുവിൽ
കരിമുകിൽവാകകൾ
നനുത്തിതളുതിർത്ത്
വസന്തംചമയ്ക്കുന്നു

ദൂരെമലഞ്ചെരുവിൽ
കാട്ടാറിൻ കുരലിൽ
ആനന്ദ ശ്രുതിശൃംഗം
മാറ്റൊലിമുറുക്കുന്നു

കനവിൽവെൺതാളിൽ
കവനം കിനിഞ്ഞ്
മയൂര സ്വപ്നത്തിൻ
കാവലാൾ പിറക്കുന്നു

പള്ളിക്കൂടവഴിയിൽ
നനഞ്ഞുറക്കെക്കഥ-
ചൊല്ലി, കടിഞ്ഞൂൽ
യാത്രയിൽകുരുന്നുകൾ...

അമൃതവർഷിണിമന്ത്ര-
പ്പെരുക്കങ്ങൾ
ഉറവകൾ തളിരുകൾ
നാളെകൾ നന്മകളിൽ
ശുഭകളഭംതൊടുവിച്ചങ്ങനെ...



ഡോ. സി. നിർമ്മല കുര്യാക്കോസ്, എസ്.സി.ജെ.ജി.

# ഞെരുക്കപ്പെടുന്ന വിത്തുകൾ

ശാസ്ത്രസാങ്കേതിക പുരോഗതികളുടെ കാലഘട്ടത്തിലൂടെ നീങ്ങുമ്പോഴും ഫുഡ്ബോൾ കളിക്കാർ, സീരിയൽ അഭിനേതാക്കൾ, കലാകാരന്മാർ, നിരീശ്വരചിന്തകളിലൂടെ നീങ്ങുന്നവർ, ഗവൺമെന്റ് ജീവനക്കാർ, ഡോക്ടർമാർ, എഞ്ചിനീയർമാർ തുടങ്ങിയവരിൽ നിന്ന് സാവൂളിനെ പൗലോസാക്കിയ ദൈവം തനിക്കിഷ്ടപ്പെട്ടവരെ വിളിക്കുകയും തന്റെ ദൗത്യത്തിനായി നിയോഗിക്കുകയും ചെയ്യുന്നു. ഇന്നത്തെ സാമൂഹിക രാഷ്ട്രീയ പശ്ചാത്തലങ്ങൾ വച്ചുനോക്കുമ്പോൾ അനേകം വിളികളുടെ ഇടയിൽ ഞെരുക്കപ്പെടുന്നു സമർപ്പിതവിളികൾ. സഭാപ്രബോധനങ്ങളുടെ ഭാഷയിൽ പറഞ്ഞാൽ 'വിത്തുകളിൽ ഏറ്റവും ചെറുതായ കടുകുമണിയേക്കാളും ചെറിയ വിത്ത്'. ഇത് പാകപ്പെടുന്നതാകട്ടെ കുടുംബമാകുന്ന വയലിലും. കള്ളന്മാർവന്ന് കളകൾ വിതയ്ക്കാതെ കാത്തുസൂക്ഷിക്കുവാൻ ഏല്പിച്ചിരിക്കുന്നതാകട്ടെ മാതാപിതാക്കളെയും. ഇതിനോട് ചേർത്ത് ഫ്രാൻസീസ് പാപ്പയുടെ 2018 ദൈവവിളിദിന സന്ദേശം വായിക്കാം. 'അതുകൊണ്ടു നമ്മുടെ മനസ്സുകളെയും ഹൃദയങ്ങളെയും നിറയ്ക്കുന്ന ആനേകം ആകുലതകളിലും താത്പര്യങ്ങളിലും അവിടുത്തെ വിളിമുങ്ങിപ്പോയെന്നുവരാം. ആകയാൽ അവിടുത്തെ വചനവും അവിടുത്തെ ജീവിതകഥയും ശ്രദ്ധാപൂർവ്വം കേൾക്കേണ്ടത് എങ്ങനെയെന്നു നാം പഠിക്കേണ്ടിയിരിക്കുന്നു'. നമ്മുടെ മക്കളെ ചെറുപ്രായം മുതലേ അത് പഠിപ്പിക്കേണ്ടിയിരിക്കുന്നു.  ഫ്രാൻസീസ് പാപ്പ തുടരുന്നു.. 'നാം നമ്മിൽതന്നെ അടച്ചുപൂട്ടിയിരുന്നാൽ നമ്മുടെ സാധാരണ കാര്യങ്ങളിൽത്തന്നെ വ്യാപരിച്ചാൽ, നമ്മുടെ ജീവിതത്തെ നമ്മുടെ ചെറിയ ലോകത്ത് ഉരുക്കിക്കളയുന്നവരായി നിലകൊണ്ടാൽ നമ്മെ സംബന്ധിച്ച് ദൈവിക മനസ്സിലുള്ള സവിശേഷവും വ്യക്തിപരവുമായ വിളിയും നാം ഒരിക്കലും കേൾക്കുകയില്ല. വലിയകാര്യങ്ങളെ സ്വപ്നം കാണാനുള്ള അവസരം നമുക്ക് നഷ്ടമാകും. നമ്മോടൊത്ത് ദൈവം എഴുതാൻ ഉദ്ദേശിക്കുന്ന അനന്യമായ കഥയിൽ നമുക്ക് പങ്കില്ലാതാകും' (2018 ദൈവവിളിദിന സന്ദേശത്തിൽ നിന്ന്)



പ്രിയ മാതാപിതാക്കളോട് ഒരുചോദ്യം. നിങ്ങളിൽ ജന്മം കൊണ്ട് വളർന്നുവരുന്ന നിങ്ങളുടെ മക്കളുടെ ദൈവവിളികളാകുന്ന വിത്തുകളെ നിങ്ങൾ എത്ര മാത്രം കരുതലോടും ശ്രദ്ധയോടും കൂടെയാണ് ജലവും ലവണവും നല്കിവളർത്തുന്നത്. ദൈവത്തിന്റെ വലിയ പദ്ധതികളെ സ്വപ്നം കാണുവാൻ ചെറുപ്രായം മുതലേ അവരെ പരിശീലിപ്പിക്കുവാൻ സാധിക്കുന്നുണ്ടോ?

ഓരോ ദൈവവിളിയും കുടുംബത്തിന്, നാടിന്, രാഷ്ട്രത്തിന് സർവ്വോപരി തിരുസഭയ്ക്ക് അനുഗ്രഹമാകാനും അനുഗ്രഹമേകാനുമുള്ള മാർഗ്ഗമാണ്. ദൈവത്തിന്റെ വിളിയ്ക്ക് പ്രത്യുത്തരമേകുവാൻ ധീരമായ കാൽവയ്പ്പുകൾ നടത്തുന്ന മക്കളെ തടസ്സപ്പെടുത്തുന്ന മാതാപിതാക്കൾക്കായി വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ നല്കിയ സ്നേഹോ

പദേശം ഏറെ ശ്രദ്ധേയമാണ്. 'പ്രിയ മാതാപിതാക്കളേ, നിങ്ങളുടെ കുട്ടികളിൽ ഒരാളെ കർത്താവു സമർപ്പിത ജീവിതത്തിലേയ്ക്കു വിളിച്ചുവെങ്കിൽ നിങ്ങൾ അവിടുത്തേയ്ക്കു നന്ദി പറയുവിൻ. കർത്താവു ഒരു കുടുംബത്തെ തൃക്കൺപാർക്കുകയും അതിലൊരംഗത്തെ സുവിശേഷോപദേശങ്ങളുടെ വഴിയിൽ സഞ്ചരിക്കാൻ ക്ഷണിക്കുകയും ചെയ്തുവെന്നത് വലിയ ബഹുമതിയായി കരുതണം. ദൈവത്തിന്റെ സ്നേഹം ലോകത്തിൽ വ്യാപിപ്പിക്കുന്നതിനും നിങ്ങളുടെ കുട്ടികളിൽ ഒരാളെ കർത്താവിനു വിട്ടുകൊടുക്കാനുള്ള ആഗ്രഹം സൂക്ഷിക്കുക. ദാമ്പത്യ സ്നേഹത്തിന്റെ ഏതൊരു ഫലമാണ് ഇതിലേറെ സുന്ദരമായിട്ടുള്ളത്!

പത്താം ക്ലാസ്സിൽ ജയിച്ച ഞാൻ, ദൈവശുശ്രൂഷയുടെ വഴിയിലേയ്ക്ക് നീങ്ങുവാൻ തീരുമാനിച്ചുവെന്ന് മാതാപിതാക്കളും ബന്ധുക്കളും നാട്ടുകാരുമറിഞ്ഞപ്പോൾ എന്റെ അമ്മയൊഴിച്ച് ആരും ആ തീരുമാനത്തെ അനുകൂലിച്ചിരുന്നില്ല. കാരണം 9 മക്കളടങ്ങിയ കുടുബത്തിലെ മൂത്ത മകളായ എന്നെ പഠിപ്പിച്ച് എന്നിലൂടെ കുടുംബത്തെ രക്ഷിക്കുക എന്ന വലിയ ആഗ്രഹം എല്ലാവരുടേയും മനസ്സിൽ ഉണ്ടായിരുന്നു. അന്ന് ഇടുക്കി ജില്ലയിൽ 10-ാം ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്കുവാങ്ങി ജയിച്ചവരുടെ ഗണത്തിൽ ഉൾപ്പെടുത്തിയിരുന്ന എന്നെ സമർപ്പിതവഴിയിലേയ്ക്കുള്ള കാൽവയ്പിൽനിന്ന് പിന്തിരിപ്പിക്കാൻ ആവുന്നത്ര ശ്രമിച്ചു. എന്നെ ഉപദേശിക്കുവാൻ വേണ്ടി എന്റെ വല്യചാച്ചൻ അറിയാവുന്ന വൈദികരെയെല്ലാം പോയികണ്ടു. വല്യചാച്ചൻ അന്നത്തെ വികാരിയച്ചനോടു പറഞ്ഞു: 'അച്ചാ എന്റെ കൊച്ചുമോളെ ഇത്രയും മാർക്ക് ഉണ്ടായിട്ടും മഠത്തിൽവിടുക വിഡ്ഢിത്തമല്ലേ. അവളെ മെഡലിനു പഠിപ്പിക്കാൻ വിടണം' (മെഡിസിൻ എന്ന വാക്ക് മെഡൽ എന്നാണ് വല്യചാച്ചൻ മനസ്സിലാക്കിയിരുന്നത്). വികാരിയച്ചന്റെ മറുപടി 'അപ്പച്ചാ, കർത്താവിനു കൊടുക്കേണ്ടതു പതിരല്ല. നെല്ലാണ്!' ഇത്രയും കേട്ടതോടെ അദ്ദേഹം നിരാശനായി മടങ്ങി.

വിവിധ ഉറവിടങ്ങളിൽ നിന്നും പല വാഗ്ദാനങ്ങളും നിർദ്ദേശങ്ങളും ഉപദേശങ്ങളും വന്നപ്പോൾ ആദ്യം എന്തുചെയ്യണമെന്ന സന്ദേഹമുണ്ടായി. മുന്നോട്ടുവച്ച കാൽ പിറകോട്ടുവയ്ക്കാതെ എടുത്ത തീരുമാനത്തിൽ ഉറച്ചുനിന്നു. കർത്താവുവിളിച്ചു നയിച്ച വഴികളിലേയ്ക്കു ധൈര്യപൂർവ്വം കാലെടുത്തുവച്ചു. കാലം മുന്നോട്ടു നീങ്ങി. എന്റെ ദൈവവിളിയ്ക്ക് കൂച്ചുവിലങ്ങിടാതെ തന്നെ കർത്താവു ഞങ്ങളുടെ കുടുംബത്തെ രക്ഷിച്ചു. കടത്തിൽ നിന്നും കഷ്ടപ്പാടിൽ നിന്നും സാവധാനം കൈപിടിച്ചുയർത്തി. കുടുംബത്തെ തന്റെ സമൃദ്ധമായ അനുഗ്രഹങ്ങളാൽ നിറച്ചു. ഇന്ന് എന്റെ ആങ്ങളമാരിൽ ഒരാൾ വൈദികനായും അനുജത്തി കന്യാസ്ത്രീയായും സമർപ്പിത വഴികളിൽ ശുശ്രൂഷചെയ്യുന്നു. മറ്റു സഹോദരങ്ങൾ സ്വദേശത്തും വിദേശത്തുമായി ശുശ്രൂഷാമേഖലകളിൽ വിശ്വാസത്തിന് സാക്ഷ്യംവഹിച്ച് നല്ല നിലയിൽ നീങ്ങുന്നു. ദൈവം നടത്തിയവഴികൾ നന്ദിയോടെ ഓർത്തുകൊണ്ട് അമ്മ തന്റെ വാർദ്ധക്യകാലം ചെലവിടുന്നു. കുടുംബത്തിനും മക്കൾക്കും ദൈവം ചൊരിഞ്ഞ അവർണ്ണനീയ അനുഗ്രഹങ്ങൾ കണ്ടനുഭവിച്ച് സംതൃപ്തിയോടെ ചാച്ചൻ രണ്ടുവർഷം മുമ്പ് സ്വർഗ്ഗത്തിലേയ്ക്ക് യാത്രയായി. ചാച്ചന്റെ മൃതസംസ്കാര വേളയിൽ വികാരിയച്ചൻ പറഞ്ഞ വാക്കുകൾ ഇവിടെ കുറിക്കുവാൻ ആഗ്രഹിക്കുകയാണ്. 'ഈ ഇടവകയിലെ ഏറ്റവും കൂടുതൽ മക്കളുള്ള വീടും ഏറ്റവും കൂടുതൽ ദൈവാനുഗ്രഹം നിറഞ്ഞ വീടും ഇതാണ്. ഈ അപ്പച്ചന്റേയും അമ്മച്ചിയുടേയും ദാമ്പത്യ വല്ലരിയിൽ വിരിഞ്ഞ ആദ്യസന്താനം മാതാപിതാക്കൾ കൈമാറിയ വിശ്വാസം സ്വീകരിച്ച് സമർപ്പിതവഴിയിലേയ്ക്ക് തിരിഞ്ഞപ്പോൾ അത് ദൈവാനുഗ്രഹത്തിന്റെ വഴിയായി; കുടുംബത്തിനു മാത്രമല്ല, ഇടവകയ്ക്കും നാടിനും'.

അതിനാൽ പ്രിയ മാതാപിതാക്കളെ വൈദിക സമർപ്പിതവിളികൾ നിങ്ങളുടെ കുടുംബത്തിന് ഒരനുഗ്രഹമായിരിക്കുമെന്നതിൽ സംശയിക്കേണ്ട. മക്കൾ അതിനുള്ള ആഗ്രഹം പ്രകടിപ്പിച്ചാൽ അവരെ തടയരുത്. അത് കുടുംബത്തിലേയ്ക്ക് അനുഗ്രഹമാരി ചൊരിയുന്നതിന് ദൈവം ഒരുക്കുന്ന വഴിയാണെന്ന് മറക്കാതിരിക്കാം.

**വി. ജോൺ പോൾ മാർപാപ്പ യുവജനങ്ങൾക്കു നല്കിയ ആ ചെറിയ ഉപദേശത്തോടെ ഈ ലേഖനം ഉപസംഹരിക്കട്ടെ; ' പ്രിയ യുവജനങ്ങളേ, നിങ്ങൾ കർത്താവിന്റെ വിളി കേട്ടാൽ അത് നിരസിക്കരുത്. പ്രശസ്തരായ വിശുദ്ധർ തങ്ങളുടെ മിശിഹാനുഭവത്തിൽ തുടങ്ങിയ വിശുദ്ധിയുടെ മഹത്തായ പ്രസ്ഥാനങ്ങളുടെ ഭാഗമാകാൻ ധൈര്യം കാണിക്കുക. സമർപ്പിത ജീവിതത്തിൽ വിശുദ്ധി കണ്ടെത്താൻ ദൈവം നിങ്ങളെ ക്ഷണിച്ചാൻ നിങ്ങളെ സംബന്ധിച്ചുള്ള അവിടുത്തെ പദ്ധതി സന്മനസ്സോടെ സ്വീകരിക്കുക'.**



അഞ്ചലീന എലിസബത്ത്, മാധ്യമപ്രവർത്തക

# പ്രണയമാണ് യാത്രയോട്




യാത്ര, അത് ജീവിതത്തെ അത്ഭുതകരമാം വിധം മാറ്റിമറിക്കും! അനുഭവങ്ങളിൽ നിന്നുള്ള അറിവ് മനസ്സിനെ പിടിച്ചുലയ്ക്കും! സർവ സംഗ പരിത്യാഗികളായ സന്യാസിമാർപോലും സഞ്ചാരത്തിന്റെ ആനന്ദങ്ങളെയും അറിവുകളെയും നിരസിച്ചിട്ടില്ല. ബുദ്ധസന്ന്യാസിയായ ഹുയാൻസാങ് മുതൽ ഭാരതത്തിന്റെ ഋഷിവര്യനായ സ്വാമി വിവേകാനന്ദൻവരെ എല്ലാവരും യാത്രകളിലൂടെ ജ്ഞാനത്തെ തേടിയവരാണ്. എട്ടാം വയസ്സിൽ തുടങ്ങിയ യാത്രയിലൂടെയാണ് മനുഷ്യസ്നേഹി യായ ദൈവത്തിന്റെ വിശുദ്ധ ജോണിന്റെ രണ്ടാം ജനനം. കൽക്കട്ടയുടെ തെരുവോരങ്ങളിലൂടെ യുള്ള യാത്ര, മദർ തെരേസയെ പാവങ്ങളുടെ അമ്മയാക്കി. ബുദ്ധനും ശങ്കരനും ബോധത്തെയും ജ്ഞാനത്തെയും തൊട്ടതും സഞ്ചാരങ്ങളുടെ മധ്യേയായിരുന്നു.


'സഞ്ചാരം ആദ്യം നിങ്ങളെ മൗനിയാക്കും, പിന്നെ മെല്ലെയൊരു കഥപറച്ചിലുകാരുമാക്കും' എന്ന് നൂറ്റാണ്ടുകൾക്ക് മുൻപേ ഇബ്നു ബത്തൂത്ത പറഞ്ഞുവച്ചു. യൗവനകാലം ലോകമാകെ അല ഞ്ഞുതിരിഞ്ഞതിന്റെ അനുഭവസമ്പത്താകാം മഹാ നായ ഈ മെറോക്കൻ സഞ്ചാരിയെക്കൊണ്ട് അത്

പറയിപ്പിച്ചത്. ആറു നൂറ്റാണ്ടുമുൻപുള്ള ലോകത്തെ അറിയുവാൻ ഇന്നും നാം കണ്ണോടിക്കുന്നത് ഇബ്നു ബത്തൂത്തയുടെ കുറിപ്പുകളിലൂടെയാണ്.

ഈ പറഞ്ഞതെല്ലാം ചരിത്രത്തിലേയ്ക്ക് വേരിറങ്ങിയവയാണ്. ആകാശവും കടലും കരയും മനുഷ്യൻ കീഴടക്കിയ യുഗമാണിത്. പൂർവ്വികരുടെ യാത്രാലക്ഷ്യം പലതായിരുന്നു. ചിലർ മതപ്രചരണത്തിന്, ചിലർ കച്ചവടത്തിന്, മറ്റുചിലർ വെട്ടിപ്പിടിയ്ക്കാൻ. എന്നാലിന്ന് യാത്രകൾ കേവലം വിനോദത്തിലേയ്ക്ക് മാത്രമായി ചുരുങ്ങി. പാക്കേജ്ഡ് ടൂറുകളുടെ ഇക്കാലത്ത് എതു ദേശവും നമുക്കരുകിലായിരിക്കുന്നു. ഒരു മൊബൈൽ ബട്ടണിൽ അമർത്തി ഏതു സഞ്ചാരവും ഉറപ്പിക്കാം. എല്ലാ നാടുകളും ഇന്ന് ജി.പി.എസ്. തുമ്പിലുണ്ട്. അവയുടെ ചരിത്രവും ചിത്രവും യാത്രികന് ഗൂഗിൾ നൽകുന്നു. അതുകൊണ്ടുത്തന്നെ സഞ്ചാരസാഹിത്യത്തിനും പ്രചുരപ്രചാരം ലഭിച്ചു.


എന്നാൽ, ഇത്തരം പതിവു ടൂറുകളുടെ ചിട്ടവട്ടത്തിലൊതുങ്ങാതെ യാത്രയെ പ്രണയിക്കുന്നവർ നമുക്കിടയിലുണ്ട്. അറിയപ്പെടാത്ത ദേശത്തിന്റെ ആത്മാവ് തേടുന്നവർ... അറിയപ്പെടുന്ന നാടിന്റെ സത്തയിൽ പുതുമ കണ്ടെത്തുന്നവർ.. ഓരോ യാത്രയും അറിവുകളാക്കി മാറ്റുന്നവർ. അവരാണ് യഥാർത്ഥ സാഹസിക സഞ്ചാരികൾ. ചരിത്രമോ മിത്തോ കഥയോ സംഭവങ്ങളോ കെട്ടുപിണഞ്ഞു കിടക്കുന്ന മണ്ണിൽ ഒരുപക്ഷെ, അല്പനേരം മാത്രമാണ് ചെലവഴിക്കുകയെങ്കിൽകൂടി ഒരു യഥാർത്ഥ യാത്രികനിലൂടെ, കാതങ്ങൾക്കപ്പുറത്തുള്ള ആരുടെയൊക്കെയോ സ്വപ്നങ്ങളുടെയും ചിന്തകളുടെയും വികാരവിചാരങ്ങളുടെയും വേലിയേറ്റങ്ങൾ ഉണ്ടാകും. പുതിയ ദേശങ്ങൾ, അവിടുത്തെ പഴമയുടെ വേരുകൾ, ആളുകൾ, ജീവിതരീതികൾ, വ്യത്യസ്ത ആചാരാനുഷ്ഠാനങ്ങൾ എന്നിങ്ങനെ നല്ലതും ചീത്തയുമായ പലതും നമുക്ക് യാത്ര കാണിച്ചുതരും. അവയെ അറിയണം മനുഷ്യൻ. മറിച്ച്, നാലു ചുമരിനുള്ളിലെ ജീവിതമല്ല സമൂഹജീവിയായ അവൻ അടുത്തറിയേണ്ടത്. അത്തരം സാഹചര്യത്തിലാണ് അനുഭവസമ്പത്തിന്റെ കുറവു നിമിത്തമുള്ള പാളിച്ചകൾ നമ്മെ കൂച്ചുവിലങ്ങിടുന്നത്.

യാത്ര എന്നതിനെക്കുറിച്ച്, പഠിച്ചുവച്ചിരിക്കുന്ന പൊതുധാരണ പൊളിച്ചെഴുതേണ്ടിയിരിക്കുന്നു. പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് പ്രകൃതിയെ അറിയണം. ശുദ്ധമായ ജീവവായു ഉള്ളിലേയ്ക്ക് നിറച്ച് മിഴിതുറക്കണം. യാത്രയെ അതിന്റെ അർത്ഥത്തിൽ ആസ്വദിക്കുവാൻ പഠിക്കണം, പ്രത്യേകിച്ച് മലയാളികൾ. വെറുതേയൊരു കാഴ്ച കണ്ടതുകൊണ്ട് എന്ത് പ്രയോജനം? സ്വന്തം നാടിനെ അവഗണിച്ചുകൊണ്ട് വിദേശനാടിന്റെ സൗന്ദര്യം ആസ്വദിക്കുന്ന മലയാളിയുടെ അവസ്ഥ പൊട്ടക്കിണറ്റിൽ വീണ തവളയേക്കാൾ ശോചനീയം! ഇന്ന് ലണ്ടൻ നഗരങ്ങളിൽപോലും കേരളാ ടൂറിസം പരസ്യങ്ങൾ സ്ഥാനം പിടിച്ചിരിക്കുന്നു. സായിപ്പ് വന്നതിനുശേഷമാണ് നമ്മൾ കോവളവും കുമരകവുമെല്ലാം വിനോദയാത്രയ്ക്കായ് തിരഞ്ഞെടുത്തത്. കേരളത്തിന്റെ ടൂറിസമേഖലകൾ തീരുമാനിച്ചതുപോലും വിദേശികളാണെന്നു വേണമെങ്കിൽ പറയാം. വനവും തടാകവും മാത്രമല്ല കേരളാടൂറിസം. മലയാണ്മയുടെ പൈതൃകം, സംസ്കാരം, ഭൂപ്രകൃതി, ഭക്ഷണം, കലാ-കായിക സമ്പത്ത് എന്നിങ്ങനെയുള്ള എല്ലാ



റ്റിനേയും മലയാളി അറിയണം. പഴശ്ശിയുടെയും മാർത്താണ്ഡവർമ്മയുടെയുമൊക്കെ കുതിരകുളമ്പടികൾക്ക് കാതോർക്കണം. കണിക്കൊന്നയുടെയും വള്ളം കളിയുടെയും വാസ്തുശില്പകലയുടെയും മനോഹാരിത കണ്ണുകൾ ഒപ്പിയെടുക്കണം. മാതൃനാടിന്റെ ചൂടും ചൂരും അനുഭവിച്ച് മനസ്സിലാക്കുമ്പോൾ ഒരു ശരാശരി മലയാളി അവന്റെ നാടിന്റെ മഹത്വം തിരിച്ചറിയും.

ടൂറിസ്റ്റ് ബസ്സുകളിലെ അമിതാഘോഷമെന്ന സങ്കൽപ്പത്തിൽ നിന്നും മലയാളി സ്വാതന്ത്ര്യം നേടികൊണ്ടിരിക്കുകയാണ്. സമൂഹമാധ്യമങ്ങൾ ഈ നവമാറ്റത്തിന് പങ്കുവഹിച്ചിട്ടുണ്ട്. ഒറ്റയ്ക്കും കൂട്ടായുമുള്ള ബുള്ളറ്റ് യാത്രകൾക്കും പെൺയാത്രകൾക്കും പ്രിയം ഏറിവരുന്നു. എന്നാൽ ശരിയായ മാർഗ്ഗനിർദ്ദേശങ്ങളുടെ അഭാവം ഇത്തരം ചില



യാത്രകളെ ദുരന്തത്തിലെത്തിക്കുന്നു എന്നതിനു തെളിവാണ് കൊരങ്ങണി ദുരന്തവും അയൺ ബട്ട് ബൈക്ക് റൈഡ് ചലഞ്ചിലെ അപകടങ്ങളും. മുൻകരുതൽ എല്ലാമേഖലയിലും ആവശ്യമാണ്. യാത്രചെയ്ത് അനുഭവമുള്ള ഗുരുവിൽ നിന്ന് നിർദ്ദേശങ്ങൾ സ്വീകരിക്കാം.

സമ്പാദ്യം ഏറെവേണമെന്നുള്ള തെറ്റിദ്ധാരണയാണ് പലരേയും യാത്രകളിൽ നിന്ന് പിറകോട്ടുവലിക്കുന്നത്. റിസോർട്ടുകളിൽ താമസിച്ച് അകലങ്ങളിലെ അറിയപ്പെടുന്ന നഗരങ്ങളിൽ കറങ്ങിനടന്ന് ആഘോഷിക്കുകയെന്നതിലല്ല യാത്രയുടെ പൂർണ്ണത, മറിച്ച് തിരിച്ചറിവുകൾ ഉൾക്കൊള്ളുന്നവിധം അത് ആസ്വാദ്യകരമാക്കുക എന്നതിലാണ്. യാത്രയ്ക്കുള്ള ഒരുക്കം മുതൽ തിരഞ്ഞെടുക്കുന്ന വസ്ത്രം, ബാഗ്, വാഹനം, ഭക്ഷണം എന്നിവയിൽ തുടങ്ങുന്നു ഈ ആസ്വാദനം.

'ചെന്നെത്തുന്ന എല്ലാ ദേശവും ഏതെങ്കിലും വിധത്തിൽ നമ്മുടെ ആത്മാവിന്റെ ഭാഗമാക്കേണ്ടതുണ്ട്' എന്നെഴുതിയത് ഇന്ത്യൻ സാഹിത്യ പ്രതിഭയായ അനിത ദേശായിയാണ്. നല്ലവയെ സാംശീകരിച്ച് ജീവിതത്തെ റീചാർജ്ജ് ചെയ്യുവാൻ ഇത്തരം യാത്രകൾ അനിവാര്യമാണ് എന്നതിൽ സംശയമില്ല. സുരക്ഷിതമുറിയിലിരുന്ന് നാം വായിക്കുന്നതും കാണുന്നതും ചിന്തിക്കുന്നതിനും അപ്പുറമാണ് യാഥാർത്ഥ്യങ്ങൾ. സ്വാതന്ത്യം എന്നതിന്റെ അർത്ഥവ്യാപ്തി കൊളോണിസത്തിൽ നിന്നുള്ള വിടുതൽ മാത്രമല്ല, അജ്ഞതയിൽ നിന്നുള്ള മുക്തികൂടിയാണ്. ഗലീലിയോ പറഞ്ഞതുപോലെ 'ഭൂമി ചലിച്ചുകൊണ്ടേയിരിക്കുന്നു'. അതുപോലെ സമയവും. നഷ്ടപ്പെട്ട സമയം തിരിച്ചുകിട്ടുക അസാധ്യം. അതിനാൽ സന്തോഷവും അത്ഭുതവും ദുരിതവും എല്ലാം തിരയണം, അറിയണം. മുൻഗാമികൾ കാത്തുസൂക്ഷിച്ച മനോഹാരിത പിൻഗാമികൾക്കായി നിലനിർത്തണം. പ്രകൃതിക്കായി ഒരു ചെടിയെങ്കിലും സമ്മാനിക്കണം. യാത്രയുടെ അവസാനം പ്രകൃതിയിലേയ്ക്ക് തന്നെയാണ്, അത് അലിഞ്ഞുചേരുന്നത് സ്രഷ്ടാവിലേയ്ക്കും.

യുവത്വത്തിന്റെ ജീവിതപാതയിലൂടെ ശരിയായ ദിശലേയ്ക്ക് ഡ്രൈവ് ചെയ്യുവാനും അവയെ മനോഹര ഫ്രെയിമുകളായി മനസ്സിൽ പകർത്തുവാനും സഹായിക്കുന്ന ഒരു സൈൻബോർഡാണ് യാത്ര. അതിനാൽ സുഹൃത്തേ, ചിന്തിക്കുന്നവരും ചിന്തിപ്പിക്കുന്നവരുമാകുവാൻ യാത്രചെയ്യൂ!


പ്രണയമാണ് യാത്രയോട്.............



**മരിയ ജോസ്, മാധ്യമപ്രവർത്തക**

# സ്വാതന്ത്ര്യത്തിന്റെ അതിർവരമ്പുകൾ

സ്വാതന്ത്ര്യത്തിന്റെ നവപുലരിയെ നാം എതിരേൽക്കുമ്പോൾ മൺമറഞ്ഞ പൂർവ്വികരുടെ ഒരുപിടി നന്മയുള്ള ഓർമ്മകളും മനോമുകിരത്തിൽ തെളിഞ്ഞുവരണം. അടിച്ചമർത്തലിൽ നിന്നുള്ള സ്വാതന്ത്ര്യമല്ല, സ്നേഹത്തിന്റെ ഐക്യത്തിലേയ്ക്കുള്ള നവ്യമായ വളർച്ചയാണ് അവർ ലക്ഷ്യം വച്ചത്. ഓരോ അടിച്ചമർത്തലുകളും നമ്മെ പലതും പഠിപ്പിക്കുന്നു. അതിന്റെ നന്മയിലേയ്ക്കുള്ള പ്രയാണമാകണം യഥാർത്ഥ സ്വാതന്ത്ര്യത്തിലേയ്ക്കുള്ള കാൽവയ്പ് എന്നത്. ഇത് തികച്ചും വ്യക്തിഗതമാണ്.



എല്ലാം നമ്മുടെ ഉള്ളിൽത്തന്നെ. പാതി പുണർന്നും പാതിയകന്നും നാം ചലിക്കുകയാണ്. അതിനാലാണ് പ്രിയങ്ങളും അപ്രിയങ്ങളും ആസ്വദിക്കുന്നതും വെറുക്കുന്നതും തിരയുന്നതും രക്ഷപെടാൻ കൊതിക്കുന്നതും. ഇവയെല്ലാം പരസ്പരം പുണർന്നു നില്ക്കുന്നു, നിഴലും വെളിച്ചവും പോലെ. നിഴൽമായുമ്പോൾ അവശേഷിക്കുന്ന വെളിച്ചം മറ്റൊരു വെളിച്ചത്തിനു നിഴൽ തീർക്കുന്നു. അങ്ങനെ സ്വാതന്ത്ര്യം അതിന്റെ കൈവിലങ്ങുകൾ തകർക്കുമ്പോൾ മറ്റൊരു സ്വാതന്ത്ര്യത്തിന്റെ ചങ്ങല രൂപപ്പെടുന്നു. ഇന്ന് സ്വാതന്ത്ര്യം വേണമെന്ന് ശഠിക്കുന്ന യുവജനതയെ സംബന്ധിച്ച് എന്തിനെയും ഏതിനെയും വെട്ടിപ്പിടിക്കുവാൻ വെമ്പുന്ന പ്രായം. സ്വപ്നങ്ങൾക്ക് പിന്നാലെ കുതിച്ചു ചാടാൻ ഒരുങ്ങുന്ന ഒരു കാലഘട്ടം അതാണ് യുവത്വം.

നിറമുള്ള സ്വപ്നങ്ങൾക്കും ആഗ്രഹങ്ങൾക്കും പിന്നാലെയുള്ള ഓട്ടത്തിൽ അവർ ആഗ്രഹിക്കുന്ന പ്രധാനപ്പെട്ടതും ചെറുതല്ലാത്തതുമായ ഒരു സത്യ മുണ്ട്, സ്വാതന്ത്ര്യം.

നിറമുള്ള ക്യാമ്പസ് ജീവിതം. കൂട്ടുകാരും യാത്രകളും ഒച്ചപ്പാടുകളുമായി അടിച്ചുപൊളിച്ചു നടക്കുന്ന സമയം. നിയന്ത്രണങ്ങളെയും നിയന്ത്രി ക്കുന്നവരേയും തെല്ലു പുച്ഛത്തോടെ വീക്ഷിക്കുന്ന കാലഘട്ടം. പലപ്പോഴും സ്വാതന്ത്ര്യം തേടിയുള്ള യുവജനങ്ങളുടെ യാത്രകൾ ആധുനിക ലോക ത്തിന്റെ മോഡേൺ രീതികളിലൂടെ സഞ്ചരിക്കാറുണ്ട്. എന്തിനെയും രുചിച്ചറിയാനുള്ള യാത്രക്കിടയിൽ മദ്യവും മയക്കുമരുന്നും അവരുടെ ജീവിതത്തിൽ കറ കലർത്തുന്നു. 'ഇതൊക്കെയില്ലെങ്കിൽ എന്ത് ജീവിതം'എന്ന വെല്ലുവിളി ഏറ്റെടുക്കലുകളിൽപെട്ട് തകർന്നു വീണ നിരവധി ജീവിതങ്ങൾ നമുക്ക് ചുറ്റുമുണ്ട്.

ധാർമ്മികതയും മൂല്യങ്ങളും കാറ്റിൽ പറത്തി യുള്ള യുവജനങ്ങളുടെ യാത്രകൾക്ക് മുന്നിലേയ്ക്ക് പ്രസക്തമായ ഒരുസിനിമ ഡയലോഗ് വയ്ക്കുക യാണ്.**'അപ്പന് മുന്നിൽ പറയാൻ പറ്റുന്നതൊക്കെ നിനക്ക് ചെയ്യാം. അല്ലാത്തതൊന്നും ചെയ്യ രുത്.'** ഇന്നത്തെ യുവജനങ്ങൾക്ക് മുന്നിലേയ്ക്ക് വെയ്ക്കാൻ ഇതിലും വലിയൊരു സന്ദേശം ഇല്ല. പാശ്ചാത്യസംസ്കാരത്തിന്റെ അധിനിവേശത്തിൽ നിന്നുളവാകുന്ന ചില ചിന്തകൾക്കും ശരിയ്ക്കും മുന്നിൽ ഈയൊരു ചോദ്യത്തിന് ഉള്ള പ്രാധാന്യം വലുതാണ്. ഓരോ പ്രവൃത്തിയും ചെയ്യുന്നതി നുമുമ്പ് അത് തന്റെ മാതാപിതാക്കളോട് പങ്കുവ യ്ക്കാൻ കഴിയുന്നതാണോ എന്ന് ഒന്ന് ചിന്തിക്കൂ... അല്ലായെന്ന് തോന്നുന്ന പക്ഷം അത് നിങ്ങളുടെ മാത്രം ശരിയാണെന്ന് തിരിച്ചറിയണം. അപ്പോൾ അത് ശരിയായ സ്വാതന്ത്ര്യം യാത്രയായി മാറും.

ചുരുക്കത്തിൽ സ്വാതന്ത്ര്യം എന്നത് എന്തും ചെയ്യാനുള്ള അവകാശമല്ല. മറിച്ച്, ജീവിതത്തിലെ ഇരുളിനെയും വെളിച്ചത്തെയും തിരിച്ചറിയുന്നതിനുള്ള കഴിവാണ് അത്. ജീവിതനന്മകൾ കണ്ടെത്തുകയും അത് മറ്റുള്ളവരിലേയ്ക്ക് പകർന്നു നൽകുന്നതിനും കഴിയുന്ന ഏറ്റവും മനോഹരമായ നിമിഷങ്ങളാണ് ഒരുവ്യക്തിയുടെ ജീവിതത്തിലെ യുവത്വം. മനു ഷ്യനെ സ്നേഹിച്ചുകൊണ്ട് മറ്റുള്ളവരുടെ ഉള്ളിൽ കുടികൊള്ളുന്ന ദൈവത്തെ ബഹുമാനിച്ചുകൊണ്ട് മുന്നേറാനായാൽ ഒരു മാറ്റം ആരംഭിക്കും. തെറ്റുക ളിൽ നിന്ന് അകന്നിരിക്കുവാനായാൽ മറ്റുള്ളവർക്ക് തെറ്റ് തിരുത്തി കൊടുക്കാനായാൽ അവിടെ ഒരു പുതിയ അദ്ധ്യായം ആരംഭിക്കും. സമൂഹത്തെ നന്മയിലേയ്ക്ക് നയിക്കുന്ന അടിസ്ഥാന തത്വങ്ങൾ അടങ്ങിയ അദ്ധ്യായം.

അവിടേയ്ക്ക് ദൈവസഹായം അഭ്യർത്ഥിച്ചുകൊണ്ട് മുന്നേറുന്ന ഒരുയുവതിക്കും യുവാവിനും അടിപ തറുകയില്ല. നല്ലൊരു നാളേക്കായി തങ്ങൾക്കു ലഭിച്ച സ്വാതന്ത്ര്യത്തെ വിനിയോഗിക്കുവാൻ അവർക്കുകഴി യും. അതിർത്തികളില്ലാത്ത ദുഃസ്വാതന്ത്ര്യത്തിനു ഒരു പരിധി നിശ്ചയിക്കാൻ യുവജനങ്ങൾക്ക് കഴി യണം. അത് ഇവിടം വരെ പോകാം എന്നതിലല്ല. മറിച്ച് ആ പരിധി നിലയുറപ്പിക്കുക, മറ്റുള്ളവരെ വേദനിപ്പിക്കില്ല എന്ന നിശ്ചയത്തിലായിരിക്കട്ടെ. സമൂഹത്തിനു നന്മ മാത്രം എന്ന ചിന്തയിലായി രിക്കട്ടെ അത്! ഈ സ്വാതന്ത്ര്യദിനത്തിൽമറ്റൊരു ഓർമ്മകൂടി നമ്മിൽ നിറയണം, പരിശുദ്ധ അമ്മ യുടെ സ്വർഗ്ഗാരോപണം.

നന്മ നിറഞ്ഞവൾക്കുള്ള സ്തുതിഗീതം പൂരിപ്പി ക്കപ്പെടാതെ എന്നും ആകാശത്തിലുണ്ടായിരുന്നു. അതിലേയ്ക്ക് മിഴികൾ ഉയർത്തിയതും പൂരിപ്പി ച്ചതും മറിയം മാത്രമായിരുന്നു. ഭൂമിയുടെ സമ്പ ത്തിൽ കുരുങ്ങിനോക്കി നടന്ന് ഒരു മാലാഖ നിലം പതിച്ച് തിന്മയായി മാറിയപ്പോൾ മറിയം ഭൂമി യുടെ ആകർഷണങ്ങളിൽ നിന്നും തെന്നിമാറി ആകാശത്തിന്റെ വിസ്മയങ്ങളിലേയ്ക്ക് കണ്ണുകൾ ഉയർത്തി കാതോർത്തു നിന്നു. അങ്ങനെയാണവൾ കൃപ നിറഞ്ഞവളാകുന്നത്. സ്വർഗ്ഗത്തെ ഉൾക്കൊ ള്ളാനായിതുറന്നിട്ട ജാലകമായി മറിയത്തിന്റെ മനസ്സ്. മറിയത്തിന്റെ സ്വർഗ്ഗാരോപണം ഏറ്റവും സുതാര്യമാണ്. അസൂയ, വെറുപ്പ്, കാപട്യം തുട ങ്ങിയ ഗുരുത്വാകർഷണങ്ങളിൽപ്പെട്ട് ദിവസേന പതിക്കുന്നവരാണ് നമ്മൾ, കൂടുതൽ കൂടുതൽ ഭൂമി യിൽ ഉറച്ചുപോകുന്നവരാണ് നമ്മൾ. അത്രയ്ക്ക് കഠിനഹൃദയരാകുന്നു നാം. എന്നാൽ ദൈവകൃപ അവളെ സുതാര്യയും ലഘുവുമാക്കി. മരച്ചില്ലയിൽ നിന്ന് അപ്പൂപ്പൻ താടി ആകാശത്തിലേയ്ക്കു പറന്നുയരുന്നതുപോലെ മറിയം ഉയർത്തപ്പെട്ടു. ഗുരുത്വാകർഷണത്തിൽ നിന്നും മോചിതയായി അവ കാശപ്പെട്ട സ്വർഗ്ഗത്തിലേയ്ക്ക് അവൾ ഉണർന്നെഴു ന്നേറ്റു. നമുക്കും ഈ നന്മയുടെ കിരണങ്ങൾ പ്രതിഫലിപ്പിക്കാം. നമുക്കും ഹൃദയ നൈർമ്മല്യം വീണ്ടെടുക്കാം. കറപുരണ്ട ഹൃത്തിനെ സ്വതന്ത്ര മാക്കി യഥാർത്ഥ സ്വാതന്ത്ര്യം നുകർന്ന് അപരന് കൃപയുടെ നിറനിലാവാകാം.



**ആൻ തെരേസ് ജോസ്**
**പ്ലാവനാകുഴിയിൽ, ശാന്തിഗ്രാം**

# പ്രത്യാശയുടെ ഫലം

ഇടുങ്ങിയ വഴിയിലൂടെ നടന്നു നീങ്ങുമ്പോൾ, ഒരായിരം ചിന്തകൾ തനിക്കെതിരെ വരുന്നതവൻ ശ്രദ്ധിച്ചു. പക്ഷെ, അവയെ ഒന്നും ഗൗനിക്കാനോ ഗ്രഹിക്കാനോ ഉള്ള മാനസികാവസ്ഥയില്ലായിരുന്നു അവന്!

മനസ്സിലൂടെ ആരുടെയൊക്കെയോ ചിത്രങ്ങൾ, ചോദ്യചിഹ്നങ്ങളായി മിന്നിമറയുന്നു. അച്ഛനെ ചതിച്ച അമ്മയുടെയും അവജ്ഞയോടെ നോക്കുന്ന അയൽപക്കക്കാരുടെയും തന്നെ മറന്നു കളഞ്ഞ ചങ്ങാതിമാരുടെയും, പിതൃത്വം അവകാശപ്പെട്ടു വന്ന ആ മനുഷ്യന്റെയും അവസാനം നിസ്സഹായനായ അച്ഛന്റേയും ചിത്രങ്ങൾ മനസ്സിലൂടെ മിന്നിമറഞ്ഞു.

റോഡിലേക്കിറങ്ങി ലക്ഷ്യമില്ലാത്തവനെപ്പോലെ നടന്നു. തന്നെ ശ്രദ്ധിക്കുന്നവരായി ആരുംതന്നെയില്ല എന്നുറപ്പിച്ചു.

ഈ തീരുമാനം വളരെ മുമ്പേ എടുക്കേണ്ടതായിരുന്നു. എല്ലാം അറിഞ്ഞപ്പോൾത്തന്നെ ഈ നാണംകെട്ട ജീവിതം അവസാനിപ്പിക്കണമായിരുന്നു. മറ്റുള്ളവരുടെ മുൻപിൽ ഇങ്ങനെ നാണംകെട്ട് ജീവിക്കുന്നതിലും എത്രയോഭേദമാണ്.

എന്റെ അച്ഛൻ! അങ്ങനെയിനി വിളിക്കാൻ അധികാരമില്ലെന്നറിയാം. എങ്കിലും അച്ഛനല്ലായിരുന്നു എന്റെ സ്വന്തം അച്ഛൻ എന്നറിഞ്ഞപ്പോൾ അദ്ദേഹത്തിനുണ്ടായ വേദനയുടെ ഒരംശം പോലുമില്ല



എനിക്ക്. ഞാൻ കാരണം ഈ ലോകത്തിനുമുൻപിൽ ഇനിയും തലകുനിക്കാൻ അച്ഛനിടയാകരുത്. അതിന് ഞാൻ ഇവിടം വിട്ടുപോയേ തീരു.

പ്രത്യാശയ്ക്ക് ഇനി വകയില്ല. അച്ഛനിൽ പ്രത്യാശ വയ്ക്കുവാൻ ഞാൻ അർഹനല്ല. ആരിൽ നിന്നും ഒന്നും പ്രതീക്ഷിക്കാനാവില്ല.

എന്റെ പെറ്റമ്മയ്ക്കുപോലും എന്നോട് വെറുപ്പാണിപ്പോൾ. ചിലപ്പോൾ അച്ഛനെന്നെ മനസ്സിലാക്കാനായേനെ. എന്നാൽ അച്ഛൻ ഇനി എന്നെ ത്തേടിവരുമോ? ഞാനദ്ദേഹത്തിന്റെ മകനല്ലല്ലോ.

റെയിൽപാളത്തിൽത്തട്ടി പ്രതിഫലിക്കുന്ന സൂര്യരശ്മികൾ അവനെ ചിന്തകളിൽനിന്ന് ഉണർത്തി. അവിടെ ചിതറിക്കിടക്കുന്ന കല്ലുകളിൽ അവൻ ഇരിപ്പുറപ്പിച്ചു. അവയെല്ലാം ചുട്ടുപഴുത്തിരുന്നു. എന്നാൽ അവന്റെ നെഞ്ചിലെ തീയോളം വരില്ലല്ലോ ആ ചൂട് !

പ്രത്യാശയില്ലാത്ത ജീവിതം, ഒരു മന്ത്രംപോലെ അതവൻ മനസ്സിൽ ഉരുവിട്ടുകൊണ്ടിരുന്നു. ഇത്രനേരം ചിന്തിച്ചിട്ടും ഒരിക്കൽപ്പോലും മനസ്സിൽ വരാതിരുന്ന ഒരുചിത്രം പെട്ടെന്ന് അവനോർത്തു'ഈശോ..'

താൻ ചെയ്യുന്നതിൽ എന്തോ തെറ്റുണ്ടെന്ന് അപ്പോഴാണവന് തോന്നിയത്. ഇനി മിനിറ്റുകൾ മാത്രമേയുള്ളു ട്രെയിനെത്താൻ. ഒരു നിമിഷം കണ്ണടച്ച് കർത്താവിനോടവൻ സംസാരിച്ചു.

'അനർത്ഥകാലത്ത് എന്നെ വിളിച്ചപേക്ഷിക്കുവിൻ ഞാൻ നിന്നെ മോചിപ്പിക്കും. നീ എന്നെ മഹത്വപ്പെടുകയും ചെയ്യും'. അത്രനേരവും ഇല്ലാതിരുന്ന ഒരു പ്രതീക്ഷ അവനിലുദിച്ചു. 'കർത്താവിനാൽ അസാധ്യമായി എന്താണുള്ളത്? എന്റെ ചേതനയറ്റ ശരീരമാണോ, എന്നെ സ്നേഹിച്ചതിനു പ്രതിഫലമായി ഞാൻ അച്ഛന് കൊടുക്കേണ്ടത്. ഞാൻ ഇങ്ങനെ ചെയ്യുന്നത് ഒട്ടും ശരിയല്ല.'

ട്രെയിനിന്റെ ഇരമ്പൽ വായുവിൽ അലിഞ്ഞൊടുങ്ങുന്നതുവരെ അവൻ ദൂരെമാറി നിന്നു.

സത്യത്തിൽ എന്തായിരുന്നു എന്റെ ശ്രമം? ദൈവം തന്ന ഈ ജീവിതത്തിൽ അവിടുത്തേക്കുള്ള അധികാരത്തെ ചോദ്യം ചെയ്യലോ? 'കർത്താവേ എന്റെ ഈ തെറ്റ് എന്നോടു പൊറുക്കേണമേ.'

പെട്ടെന്ന് അവന്റെ തോളിലൊരുകരം അമർന്നു. ആരാണെന്ന് തിരിഞ്ഞു നോക്കാതെ തന്നെ അവൻ തിരിച്ചറിഞ്ഞു. പശ്ചാത്താപത്താൽ അവന്റെ ഹൃദയം വിങ്ങിപ്പൊട്ടി.

'എന്റെ മോനൊന്നും പറയണ്ട. അച്ഛനെല്ലാം മനസ്സിലായി. ഞാനെന്നും നിന്റെ അച്ഛനാ, നീ എന്റെമകനും.'

അവനെ നെഞ്ചോട്ചേർത്തുപിടിച്ച് അച്ഛൻ വിതുമ്പി, ഒപ്പം അവനും.

'അച്ഛനിവിടെയെത്തിയതിൽ യാതൊരു അതിശയവുമില്ല, എന്റെ കർത്താവിലർപ്പിച്ച പ്രത്യാശയുടെ ഫലമാണിത്.'

'ഞാൻ നിന്നോടുകൂടെവരികയും നിനക്കു ആശ്വാസം പകരുകയുംചെയ്യും' (പുറ. 33:14).



## ഉപകാരസ്മരണ

ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ കൂട്ടുകാരിയുടെ ചെവി പഴുക്കുന്നരോഗം ഭേദമായി. ദൈവദാസൻ വഴി ദൈവം നൽകിയ അനുഗ്രഹത്തിന് നന്ദി പറയുന്നു.

**ഐശ്വര്യതോമസ്, പ്രകാശ്, നീലവയൽ**

ബ്രദർ ഫോർത്തുനാത്തൂസിന്റെ മാദ്ധ്യസ്ഥം തേടി കബറിടത്തിൽവന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി തടസ്സപ്പെട്ടു കിടന്നിരുന്ന ലോൺ പാസായി. അനുഗ്രഹത്തിന് ഒരായിരം നന്ദി..

**തോമസ് കുമ്പളന്താനം, ആനവിലാസം**



**ഡോ. ബോബി സെബാസ്റ്റ്യൻ**
**മെഡിക്കൽ സൂപ്രണ്ട്**
**സെന്റ് ജോൺസ് ഹോസ്പിറ്റൽ കട്ടപ്പന**

# പനിയെല്ലാം നിപ്പ അല്ല; നിപ്പ പക്ഷെ വെറും പനിയുമല്ല.



ശരീരത്തിന്റെ ഊഷ്മാവ് ക്രമാതീതമായി നിയന്ത്രിക്കുന്നത് തലച്ചോറിലെ ഹൈപ്പോതലാമസ് ഗ്രന്ഥിയാണ്. ഇത് സാധാരണഗതിയിൽ 97.3° മുതൽ 99° വരെയാണ്. എന്തെങ്കിലും കാരണവശാൽ ശരീരോഷ്മാവ് ഇതിലും കൂടുതലാകുന്നതിനെ പനി (Fever) എന്ന് പറയുന്നു.

**പനിക്കുള്ള പ്രധാന രണ്ട് കാരണങ്ങൾ;**

അണുബാധ


പഴുപ്പ്, വ്രണം മുതലായവ

അണുബാധ പ്രധാനമായും സൂഷ്മജീവികളായ ബാക്ടീരിയ, വൈറസ്, ഫംഗസ് എന്നിവ മൂലമാണ്. സാധാരണ ആരോഗ്യമുള്ളവർക്ക് മിക്കവാറും ഉണ്ടാകുന്ന പനികളെല്ലാം ശരീരത്തിന്റെ രോഗപ്രതിരോധനത്തിനനുസരിച്ച് മാറുന്നവയാണ്. (മിക്കവാറും എല്ലാ പകർച്ച പനികളുടെയും പിന്നിൽ വൈറസ് ഇൻഫക്ഷൻ ആയിരിക്കും.) നല്ല വിശ്രമവും പരിചരണവും മാത്രം മതിയാവും പനി വിട്ടുമാറുവാൻ. എന്നാൽ ശ്രദ്ധിച്ചില്ലെങ്കിൽ ചില പനികൾ അപകടകാരികളാണ്. ചെറിയൊരു പനി

വരുമ്പോൾ തന്നെ വേദന സംഹാരികളും ആന്റിബയോട്ടിക്സുകളും ഡോക്ടറുടെ നിർദ്ദേശമില്ലാതെ കഴിക്കുന്നത് ഒഴിവാക്കുക.

പനിയുണ്ടാകുമ്പോൾ പൊതുവേ ശരീരത്തിന്റെ രോഗപ്രതിരോധശേഷി കുറവായിരിക്കുമെന്നതിനാൽ വേണ്ടവിധം ശ്രദ്ധിച്ചില്ലെങ്കിൽ അത് ഗുരുതരമായ ബാക്ടീരിയൽ ഇൻഫക്ഷനു വഴിതെളിക്കും. സാധാരണഗതിയിൽ രണ്ടുദിവസത്തിനുള്ളിൽ പനിക്ക് ശമനം ഉണ്ടായില്ലെങ്കിൽ വൈദ്യസഹായം തീർച്ചയായും തേടിയിരിക്കണം. പരിശോധനകൾക്കുശേഷം നൽകുന്ന മരുന്നുകൾ മുടങ്ങാതെ കഴിക്കണം. നൽകിയിരിക്കുന്ന ആന്റിബയോട്ടിക്സ് കൃത്യമായി കഴിക്കണം. രോഗാവസ്ഥയ്ക്ക് കുറവുവരുമ്പോൾ പലരും മരുന്ന് നിറുത്താറുണ്ട്. എന്നാൽ ഇത് ശരീരം ആന്റിബയോട്ടിക്സിനോട് പ്രതികരിക്കാത്ത അവസ്ഥയുണ്ടാകുവാൻ കാരണമാകും. പനി ഉണ്ടാകുമ്പോൾ ഭക്ഷണക്രമത്തിലും ശ്രദ്ധവേണം. ശരീരത്തിലെ കൂടുതൽ ഊർജ്ജവും രോഗാണുക്കളുടെ നിർമ്മാർജ്ജനത്തിന് ഉപയോഗിക്കുന്നതിനാൽ എളുപ്പത്തിൽ ദഹനം നടക്കുന്ന ഭക്ഷണം കഴിക്കുക. ജലാംശം കൂടുതൽ ഉള്ള കഞ്ഞി, കാപ്പി, ചായ തുടങ്ങിയവ ഉത്തമം. ചെറുചൂടോടുകൂടി അധികം എണ്ണയോ മസാലയോ ഇല്ലാതെ വേണം ഉപയോഗിക്കാൻ.

മഴക്കാലത്തും പനിക്കെതിരെ ജാഗ്രത പുലർത്തണം. ശരീരം പരമാവധി നനയാതെയും ഈർപ്പം ഉണ്ടാകാതെയും ശ്രദ്ധിക്കണം. പല ജലസ്ത്രോതസ്സുകളും കരകവിഞ്ഞ് ഒഴുകുന്നതിനാൽ തിളപ്പിച്ചാറിയ വെള്ളം മാത്രം ഉപയോഗിക്കുക. ശക്തമായ




തണുപ്പുള്ള സമയത്ത് വൈമുഖ്യം കൂടാതെ കമ്പിളി വസ്ത്രങ്ങൾ ഉപയോഗിക്കണം. ശ്വാസകോശ സംബന്ധമായ രോഗങ്ങൾ ഉള്ളവർക്ക് മഴക്കാലത്ത് പനി ഉണ്ടാകുവാൻ രോഗം മൂർഛിക്കുവാനും സാധ്യതകൾ ഏറെയായതിനാൽ വേണ്ട മുൻകരുതലുകൾ സ്വീകരിക്കണം.

## അപകടകരമായ പനിയുടെ ലക്ഷണങ്ങൾ

ശക്തമായതലവേദന

ബോധക്ഷയം, മയക്കം

നിർത്താതെയുള്ള ഛർദ്ദി

ശക്തമായചുമ, ശ്വാസതടസ്സം

കഫത്തിൽ രക്തമയം കാണുക

ഹൃദയമിടിപ്പ് ഉയരുക


ശക്തമായ പനി

ശരീരം നീരുവയ്ക്കുക, മൂത്രത്തിന്റെ അളവ് കുറയുക

ശരീരഭാഗങ്ങളിലോ, മൂത്രത്തിനോ നിറവ്യത്യാസം സംഭവിക്കുക

മേൽപ്പറഞ്ഞ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ വൈദ്യസഹായം എത്രയും പെട്ടെന്ന് തേടേണ്ടതാണ്.

## നിപ്പാ (Nipah) വൈറസ്




നിപ്പ വൈറസ് (Henipa Virus) കുടുബത്തിൽപ്പെട്ട ഒരുജന്തുജന്യ രോഗമാണ് (Zoonosis). പഴങ്ങൾ മാത്രം ഭക്ഷിക്കുന്ന വാവലുകളാണ് ഈ വൈറസിന്റെ വാഹകർ. ഇവറ്റകൾക്ക് ഈ വൈറസ്മൂലം അസുഖം വരാറില്ല. ഇവയുമായി ഏതെ

ങ്കിലും വിധത്തിൽ ഇടപഴകുന്ന മനുഷ്യരിലും പന്നികളിലൂമാണ് ഇതുവരെ അസുഖം കണ്ടുപിടിക്കപ്പെട്ടിരിക്കുന്നത്.

മനുഷ്യരിൽ നിന്ന് മനുഷ്യരിലേയ്ക്ക് ചുമ, തുമ്മൽ തുടങ്ങിയവ മൂലമുണ്ടാകുന്ന സ്രവം വഴിരോഗം പകരുന്ന അവസരങ്ങളും ഉണ്ട്.

## നിപ്പ അപകടകാരിയാകുന്നത് എന്തുകൊണ്ട്?

1 നിപ്പാവൈറസ് ഇൻഫക്ഷൻ തലച്ചോറിനെ ബാധിക്കുവാനും Encephalitis ആവാനും സാധ്യതയുണ്ട്.

2 നൂറുശതമാനവും ഫലപ്രദം എന്നു തെളിയിക്കപ്പെട്ട ചികിത്സ നിലവിലില്ല.

3 70% രോഗികളിലും മരണം സംഭവിച്ചിട്ടുണ്ട്.

അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

1 ശക്തമായ പനി, ശ്വാസതടസ്സം, ബോധാവസ്ഥയിലുള്ള മാറ്റം, അപസ്മാരം മുതലായവയാണ് രോഗലക്ഷണങ്ങൾ

2 ചെറിയ പനിയുള്ളവരിൽ നിന്നും പനി പകരില്ല. ശക്തമായ രോഗാവസ്ഥയിലുള്ള രോഗികളുമായി ഇടപഴകുന്നവർക്കേ രോഗം പകരുകയുള്ളു.

3 എല്ലാ പഴംതീനി വവ്വാലുകളിലും രോഗം ഇല്ല. രോഗവാഹകർ മൂന്നുശതമാനത്തിൽ താഴെ മാത്രം.

4 ശക്തമായ രോഗലക്ഷണങ്ങൾ ഉള്ള ആളുകളുമായി ഇടപഴകുന്നവരും പരിചരിക്കുന്നവരും പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

5 പഴങ്ങൾ നന്നായികഴുകി മാത്രം ഉപയോഗിക്കുക, പഴച്ചാറുകൾ പരമാവധി ഒഴിവാക്കുക.

## ഹിപ്പോയിലെവി. അഗസ്തീനോസ് മെത്രാൻ, വേദപാരംഗതൻ

| | |
|---|---|
| ജനനം | : 354 നവംബർ 13 ഉത്തരആഫ്രിക്കയിലെ തഹാസ്തെ (ഇന്നത്തെ അൽജീറയയിൽപ്പെട്ട നുമീഡിയായിലെ തഗാസ്തെ) |
| അറിയപ്പെടുന്ന പേരുകൾ | : വിശുദ്ധ അഗസ്റ്റിൻ, വിശുദ്ധ ഓസ്റ്റിൻ, ഔറേലിയൂസ് അഗസ്തീനോസ് |
| ബഹുമാനിക്കപ്പെടുന്നത് | : കത്തോലിക്ക സഭ, പൗരസ്ത്യ ഓർത്തഡോക്സ് സഭ, ഓറിയന്റൽ ഓർത്തഡോക്സ് സഭ, ആംഗ്ലിക്കൻ സഭ, ലൂഥറൻ സഭ |
| മാതാപിതാക്കൾ | : പട്രീഷ്യസ്-വി.മോനിക്ക |
| മാനസാന്തരത്തിനിടയാക്കിയത് | : വി. അബ്രോസിന്റെ പ്രസംഗം മാനസാന്തരത്തിനിടയാക്കിയ വചനഭാഗം: റോമ. 13:12-14 |
| മാമ്മോദീസ | : 387-ലെ ഉയിർപ്പു തിരുനാളിൽ 33-ാം വയസ്സിൽ വി.അബ്രോസിൽ നിന്ന്. |
| പൗരോഹിത്യം | : 391 |
| മെത്രാൻ | : 396-ഹിപ്പോയിലെ |
| പ്രധാന കപ്പേള | : പാവിയ, ഇറ്റലി |
| ഓർമ്മത്തിരുനാൾ | : ഓഗസ്റ്റ് 28 (പാശ്ചാത്യ സഭ) ജൂൺ 15 (പൗരസ്ത്യ സഭ) |
| ചിത്രീകരണ ചിഹ്നങ്ങൾ | : കുഞ്ഞ്; പ്രാവ്, പേന; ചിപ്പി, തുളയ്ക്കപ്പെട്ട ഹൃദയം |
| മധ്യസ്ഥത | : അച്ചടിക്കാർ, ദൈവശാസ്ത്രജ്ഞർ |
| മരണം | : 430 ഓഗസ്റ്റ് 28 ( 75 വയസ്സ്) ഹിപ്പോറീജിയസ്, നുമീഡിയ (ഇന്നത്തെ അൽജീറയിലെ അന്നാബാ) |
| ജീവചരിത്ര ഗ്രന്ഥം | : ഏറ്റുപറച്ചിൽ (ക്രി.വ. 397-398, 13 വാല്യങ്ങൾ) |
| പ്രധാന പുസ്തകങ്ങൾ | : ദൈവനഗരം(De Civitate Dei), റീകൺസിഡറേഷൻസ്, ത്രിത്വത്തെക്കുറിച്ച്(De Trinitate), Christian Doctrine |



സി.മരിയ ജോർജ്ജ്, എസ്.സി.ജെ.ജി.

# ഓട്ടോ ഒരു ചെറിയ വണ്ടിയല്ല




'വയ് ഓട്ടോ'..-ങേ.. ആരാണപ്പാ ഈ നേരത്ത്!..കോരിച്ചൊരിയുന്ന മഴയാണ്.. എങ്കിലും മടി പാടില്ല. അത് ചീത്തപ്പേരാണ്..ആരാ എന്താ എന്നൊന്നും ചോദ്യമില്ല. ഞാൻ റെഡി.

തോളിൽ സ്റ്റാറുകൾ ഇല്ലെങ്കിലും എന്റെ കാക്കി യൂണിഫോം നാട്ടിൽ സൂപ്പർസ്റ്റാറാണ്. പച്ചക്കറി മുതൽ ഗ്യാസ്കുറ്റി എടുക്കാൻ വരെ അമ്മച്ചിമാർക്ക് ഞാൻ വേണം. മഴയായാവും വെയിലായാലും രാത്രിയായാലും പകലായാലും ഞാൻ ഉണ്ടേൽ പിന്നെ നാട്ടിലുള്ളവർക്ക് ഒരാശ്വാസമാണ്. കുട്ടികൾക്കാണെങ്കിൽ സ്കൂൾബാഗ് ചുമന്നുള്ള വീട്ടിലേക്കുള്ള കാൽനട യാത്രയിൽ ലിഫ്റ്റ് നൽകുന്ന ഹീറോ. പിന്നെ സാധാരണക്കാർക്ക് ആശുപത്രിയിൽ പോകാനും ഞാനേ ഉള്ളൂ. ചെറിയതാണേലും എന്റെ മനസ്സ് വലുതാണെന്നാണ് നാട്ടിലെ ഒരുവെപ്പ്. അതിന്റെ ചെറുതല്ലാത്തൊരു അഹങ്കാരവും എനിക്കുണ്ടെന്നു കൂട്ടിക്കോ. എന്തായാലും കുറച്ചുകൂടി തലയുയർത്തി നിൽക്കാനുള്ള മറ്റൊരു സംഭവം കൂടി പറയാം. കട്ടപ്പനയിൽ ഞങ്ങൾ ഒരു പുതിയ സംഘടന തുടങ്ങിയിട്ട് ഇപ്പോൾ മൂന്നുവർഷമായി.. സംഗതി എന്താണെന്നുവെച്ചാൽ അങ്കമാലി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഓട്ടോ-ടാക്സി ഡ്രൈവേഴ്സിനായുള്ള ഒരുകൂട്ടായ്മയാണ് സാരഥി ഹെൽപ്പ്ലൈൻ. അതിന്റെ ഭാഗമാണ് ഞാനും. എന്നെക്കൊണ്ടാകുന്ന ചെറിയ ചെറിയ കാര്യങ്ങൾ ചെയ്യുമ്പോൾ ഞാനും ഹാപ്പി, എന്റെ ചങ്ങാതി മുതലാളിയും ഹാപ്പി. ഇനി ചങ്ങാതി പറയും ബാക്കി.

സാരഥി-യെ കട്ടപ്പനയ്ക്ക് പരിചയപ്പെടുത്തുവാൻ

സ്ഥാപകനും ഡയറക്ടറുമായിരുന്ന ഫാ. വർഗ്ഗീസ് കരിപ്പേരി എത്തിയപ്പോൾ കട്ടപ്പനയിലെ പത്തോളം ഓട്ടോ സ്റ്റാന്റുകളുടെ പ്രതിനിധികളായി ഒത്തുചേർന്ന തൊഴിലാളികൾക്ക് കേവലമൊരു സ്വപ്നമായിരുന്നു ഇത്. ദീർഘവീക്ഷണവും ദിശാ ബോധവും ചാലിച്ച അദ്ദേഹത്തിന്റെ വാക്കുകൾക്ക് ജപം പകരുവാൻ അധികം വൈകാതെ കട്ടപ്പന-വെ ള്ളയാകുടി മേഖലയിൽ അത്ഭുതക രമായ ഒരു നവസേവന സംഘാത്മക തയ്ക്ക് തുടക്കം കുറിച്ചു. മൂന്ന് വർഷം മുമ്പ് മുളപൊട്ടിയ ആ വിത്ത് മുരടിപ്പറിയാതെ വളർന്നു പടരുമ്പോൾ ആ ചെറുവൃക്ഷത്തണലിൽ അഭയം തേടാൻ കാത്തിരിക്കുന്നവരാണ് ഈ സാരഥിയുടെ സാഫല്യം. മടുപ്പു കൂടാതെ നഷ്ടം സഹിച്ച് പരസേ വനം ചെയ്യാൻ സന്നദ്ധരായ ഇരുപതോളം വരുന്ന ഓട്ടോഡ്രൈവേഴ്സിന്റെ സംഘാടകത്വം പരോപ കാരികളായവർക്കും പരസഹായം തേടുന്നവർക്കു മിടയിൽ നന്മ ചെയ്യുവാൻ പരിശ്രമിക്കുന്നതോ ടൊപ്പം ഏതൊരു സെൽഫ്ഹെൽപ്പ് ഗ്രൂപ്പിനെയും പോലെ തങ്ങൾക്കുതന്നെയും സേവനം ചെയ്യുന്നു. പിന്നിട്ട വഴികളിലേയ്ക്ക് നോക്കുമ്പോൾ ഏറെ അഭിമാനം ഞങ്ങൾക്ക്. ജാതി-മത-വർഗ്ഗ- രാഷ്ട്രീയ സങ്കൽപ്പങ്ങൾക്കതീതമായി മനുഷ്യൻ എന്ന ഒരൊറ്റ ചിന്തയെ മുൻനിറുത്തിയാണ് ഞങ്ങളുടെ ഓട്ടങ്ങൾ. പ്രതിദിനം കൺമുന്നിൽ എത്തുന്ന സാധാരണക്കാരുടെ ആവശ്യങ്ങളുടെ മുന്നിൽ എങ്ങനെ നിഷ്ക്രിയരാകുവാൻ നമുക്ക് കഴിയും. കട്ടപ്പന-വെള്ളയാംകുടിയുടെ പരിസരങ്ങളിൽ അറുനൂറോളം പൊതിച്ചോറുകളാണ് എല്ലാ വെള്ളിയാഴ്ചകളിലും ഈ കൂട്ടായ്മ അഗതി മന്ദിരങ്ങളിലും ആവശ്യത്തിലിരിക്കുന്നവർക്കും നൽ കുന്നത്. കേവലം മുപ്പത് പൊതിച്ചോറുകളിൽ തുടങ്ങിയ ഈ പ്രവർത്തനം ഇനിയും മുന്നോട്ടുതന്നെ നീങ്ങുമെന്നു തന്നെയാണ് ഞങ്ങളുടെ പ്രതീക്ഷ. പൊതിച്ചോറു വിതരണത്തിനായി ഞങ്ങളോടൊപ്പം സുമന സ്സുകളായ നാട്ടുകാരും ഉള്ളതിനാലാണ് ഇത്തരമൊരു വിജയത്തിലേയ്ക്ക് എത്തുവാൻ കഴിഞ്ഞതെന്ന നന്ദിയും പങ്കുവയ്ക്കുന്നു. വീടുകളിൽനിന്നും നേരിട്ട് അംഗങ്ങൾ പൊതിച്ചോറുകൾ ശേഖരിക്കുകയാണ് ചെയ്തുവരുന്നത്. 1.25 ലക്ഷത്തോളം രൂപയുടെ ചികിത്സാസഹായവും ഭവനനിർമ്മാണം, വായ്പകൾ തുടങ്ങിയവയും ചെയ്തുകഴിഞ്ഞു. കൂടാതെ കുടകൾ, സോപ്പുപൊടി, കറിപൗഡറുകൾ എന്നിവ സ്വന്തമായി നിർമ്മിച്ച് ന്യായമായ വിലയ്ക്ക് നൽ കുന്നു. അതുപോലെ കട്ടപ്പനയിലെ റോഡുകളുടെ ശോചനീയവസ്ഥ അധികാരികളുടെ ശ്രദ്ധയിൽപെ ടുത്തുവാൻ ശ്രമിച്ച് വിജയിച്ചിട്ടുണ്ട്. സാമൂഹ്യസേവനത്തിൽ വിശ്വസി ക്കുകയും അതിനായി യത്നിക്കു കയും ചെയ്യുന്നതോടൊപ്പം സാരഥി, അംഗങ്ങൾക്ക് സാമ്പത്തിക സഹായവും ചെയ്യുന്നു. ഇനിയും ധാരാളം പ്രവർത്തനങ്ങൾ ചെയ്യുവാൻ കഴിയുമെന്നാണ് പ്രസിഡന്റ് ശ്രീ. ബേബി പൊട്ടനാനിയുടേയും സഹപ്രവർത്തകരുടേയും പ്രതീക്ഷ.

> ചക്രങ്ങൾക്കു മീതേ മുന്നോട്ടുള്ള വഴികളിൽ മരണത്തെ ഭയക്കാത്തവന്, യാത്രകളെ കൂടപ്പിറപ്പാക്കിയവന്, ജീവിക്കു വാനായി രാത്രിയെ പകലാക്കി വളയം പിടിച്ചവന് ലോകം നൽകിയ പേരാണ് ഡ്രൈവർ.

ചക്രങ്ങൾക്കുമീതേ മുന്നോട്ടുള്ള വഴികളിൽ മരണത്തെ ഭയക്കാത്തവന്, യാത്രകളെ കൂട പ്പിറപ്പാക്കിയവന്, ജീവിക്കുവാനായി രാത്രിയെ പകലാക്കി വളയം പിടിച്ചവന് ലോകം നൽകിയ പേരാണ് ഡ്രൈവർ. കരയും കടലും ആകാശവും അവനും തന്റെ തൊഴിലിന്റെ ഭാഗമാക്കുന്നു. പ്രമുഖ കമ്പനികൾ ദിവസവും പരസ്പരം മത്സരിച്ച് പുതിയവും മുഖം മിനുക്കിയും വിപണിയിൽ എത്തിക്കുന്നുണ്ടെങ്കിലും സാധാരണക്കാരനു സാരഥി സാധാരണക്കാരന്റെ മുച്ചക്രവാഹനം തന്നെയാണ്. ഹൈറേഞ്ചിന്റെ ഈ ചുറുചുറുക്കുള്ള സാരഥിയംഗങ്ങൾക്കിടയിലെ സൗഹൃദവലയം നൽകുന്നത് കൂടുതൽ ഉണർവ്വും പ്രവർത്തന മികവുമാണ്. ഒരുകുടുംബം പോലെ കഴിയുന്ന ഇവരിലെ സാധാരണക്കാർ ഇടുക്കിയുടെ സ്നേ ഹമുള്ള ഓട്ടോചേട്ടന്മാരാണ്. തങ്ങളുടെ ജോലി അഭിമാനത്തോടെ ചെയ്യുന്ന ഇവർ 'ഏയ്ഓട്ടോ' എന്ന ഇവിടുത്തെ ഒരാളുടേയും വിളി അവ ഗണിക്കാറില്ല. സ്നേഹം എന്ന മൂന്നക്ഷരത്തെ നെഞ്ചിലേറ്റിയ ഈ ഓട്ടോറിക്ഷകൾ കട്ടപ്പനക്കാർക്ക് 'ഒരുചെറിയവണ്ടിയല്ല'. ഒരു സാധാരണക്കാരനെ അസാധാരണക്കാരനാക്കുന്നത് അവനിലെ മാനുഷിക മൂല്യങ്ങളാണ്. സ്വാർത്ഥതയുടെ വാത്മീകം വിട്ടുണർ ന്ന് ചുറ്റുപാടുകളോട് ക്രിയാത്മകമായി പ്രതികരിക്കുന്ന ഈ സാധാരണക്കാരുടെ കൂട്ടായ്മ നമുക്കും ഊർജ്ജം പകരട്ടെ. സാധാരണക്കാരന്റെ ആവശ്യങ്ങൾക്കൊപ്പം എന്നും ഉണ്ടാകും ഈ സാരഥി.




സി.മോൻസി ഫ്രാൻസിസ് എസ്.സി.ജെ.ജി

# വിശുദ്ധി ആനന്ദത്തിലേയ്ക്കുള്ള പാത

## പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പയുടെ' ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക ലേഖനത്തിന്റെ സംഗ്രഹം.

വിശുദ്ധിയിലേയ്ക്കുള്ള വിളിയെ പുനർനിർദ്ദേശിക്കുക എന്ന ലക്ഷ്യത്തോടെ പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ എഴുതിയ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' (Rejoice and Be Glad)എന്ന അപ്പസ്തോലികലേഖനം ആധുനികലോകത്തിന് മുതൽക്കൂട്ടാണ്. 'അവൾക്കും അവനും വിശുദ്ധരാകാമെങ്കിൽ എന്തുകൊണ്ട് എനിക്ക് വിശുദ്ധനായികൂടാ' എന്ന ഇഗ്നേഷ്യസ് ലെയോളയുടെ വാക്കുകളെ യാഥാർത്ഥ്യമാക്കുന്ന രീതിയിലുള്ള പ്രായോഗിക ചിന്തകളാണ് ഈ ലേഖനത്തിൽ മാർപാപ്പ പറഞ്ഞുവയ്ക്കുന്നത്. അഞ്ച് അദ്ധ്യായങ്ങളായി 177 നമ്പറുകളിൽ, വെല്ലുവിളികൾ നിറഞ്ഞ ഈ ആധുനികയുഗത്തിൽ വളരെ പ്രായോഗികമായ വിധം വിശുദ്ധിയിലേയ്ക്കുള്ള അനേകം കുറുക്കുവഴികൾ പരിശുദ്ധ പിതാവ് പറഞ്ഞുതരുന്നു.

വിശുദ്ധിയിലേയ്ക്കുള്ള വിളി സാർവ്വത്രികമാണ്; അതിൽ നിന്ന് ആർക്കും മാറിനിൽക്കാനാവില്ലെന്നത് സത്യം തന്നെ. ലക്ഷ്യത്തിലേയ്ക്ക് നിരന്തരം മുന്നേറാൻ നമ്മെ ഉത്തേജിപ്പിക്കുന്ന സാക്ഷികളുടെ ഒരുവലിയ സമൂഹം നമുക്കുണ്ടെന്ന ധൈര്യം (ഹെബ്രായലേഖനം 12:1) നൽകുന്നതോടൊപ്പം അനേകം വിശുദ്ധാത്മാക്കളുടെ മാതൃകകളും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ഈ സാക്ഷികളിൽ നമുക്ക് പ്രിയപ്പെട്ടവരും ഉൾപ്പെട്ടേക്കാം. ദൈവത്തിന്റെ സ്നേഹിതരാൽ വലയം ചെയ്യപ്പെട്ട് നിയന്ത്രിക്കപ്പെടുവാനും സംരക്ഷിച്ച് നിലനിർത്തുവാനും എല്ലാ വിശുദ്ധരുമുണ്ടെന്ന ബോധ്യമുള്ളതിനാൽ നമ്മുടെ കഴിവിനതീതമെന്ന് തോന്നുന്ന വിശുദ്ധിയെ



നേരിടാൻ നാം ഒറ്റയ്ക്ക് പരിശ്രമിക്കേണ്ടതില്ലെന്നും പരിശുദ്ധാത്മാവ് ഈ ദാനം നമുക്ക് നൽകുമെന്നും അദ്ദേഹം ഉറപ്പു നൽകുന്നു.

വിശുദ്ധിയാണ് തിരുസഭയുടെ ഏറ്റവും ആകർഷകമായമുഖം. ദൈവജനതയുടെ ക്ഷമ യിൽ സന്നിഹിതമായ വിശുദ്ധിയെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ വിശുദ്ധിക്കുവേണ്ടിയുള്ള അവരുടെ ദൈനംദിന സ്ഥിരോത്സാഹത്തിൽ സമരോത്സുകയായ തിരുസഭയെയാണ് അദ്ദേഹം ദർശിക്കുക.

'ഓരോരുത്തരും അവന്റെ അല്ലെങ്കിൽ അവളുടെ സ്വന്തം മാർഗ്ഗത്തിൽ' വിശുദ്ധരായിത്തീരട്ടെ എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആഹ്വാനം ഉദ്ധരിച്ചുകൊണ്ട് സ്വഹൃദയത്തിൽ ദൈവം നിക്ഷേപിച്ചിട്ടുള്ള വ്യക്തിപരമായ ദാനങ്ങൾ പുറത്തുകൊണ്ടുവന്ന് അതനുസരിച്ച് വിശുദ്ധി പ്രാപിക്കാൻ മാർപാപ്പ ദൈവജനത്തോട് പറയുകയാണ്: സമർപ്പിതർ ആനന്ദപൂർവ്വം തങ്ങളുടെ പ്രതിബദ്ധത ജീവിച്ചുകൊണ്ട്, വിവാഹിതർ ഭർത്താവിനെ അല്ലെങ്കിൽ ഭാര്യയെ സ്നേഹിക്കുകയും കരുതുകയും ചെയ്തുകൊണ്ട്, ഉപജീവനത്തിനുവേണ്ടി ജോലിചെ യ്യുന്നവർ സത്യസന്ധതയോടും നൈപുണ്യത്തോടും കൂടി ജീവിച്ചു കൊണ്ട്, മാതാപിതാക്കൾ യേശുവിനെ അനുഗമിക്കുന്നത് എപ്രകാരമെന്ന് കുട്ടികളെ പഠിപ്പിച്ചുകൊണ്ട്, അധികാരികൾ പൊതുനന്മയ്ക്കു വേണ്ടി നിസ്വാർത്ഥമായി പ്രവർത്തിച്ചുകൊണ്ട്... വിശുദ്ധരാകുവിൻ.


വിശുദ്ധിയിലേയ്ക്ക് നയിക്കുന്ന വെളിച്ചവും ക്രൈസ്തവന്റെ തിരിച്ചറിയൽ രേഖയുമായ അഷ്ടഭാഗ്യങ്ങൾ അനുദിനജീവിതത്തിൽ പകർത്തുന്നതിലൂടെ വിശുദ്ധി സാക്ഷാത്കരി ക്കപ്പെടാനാകുമെന്ന് പറയുന്നതോടൊപ്പം അതിന്റെ സാരസംഗ്രഹവും മാർപാപ്പാ നമുക്ക് നൽകുന്നു.

1. ഹൃദയത്തിൽ ദരിദ്രരായിരിക്കുക
2. ശാന്തതയോടും വിനയത്തോടുംകൂടി പ്രതികരിക്കുക
3. മറ്റുള്ളവരോടൊത്ത് വിലപിക്കുന്നതെങ്ങനെ യെന്നറിയുക
4. നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുക
5. കാരുണ്യത്തോടെ കാണുകയും പ്രവർത്തിക്കു കയും ചെയ്യുക
6. സ്നേഹത്തെ കളങ്കപ്പെടുത്തുന്നവയിൽ നിന്നെല്ലാം ഹൃദയത്തെ കാത്തുസൂക്ഷിക്കുക
7. നമുക്കുചുറ്റും സമാധാനം വിതയ്ക്കുക
8. നമുക്ക് പ്രശ്നങ്ങൾ ഉണ്ടായേക്കാമെങ്കിലും അനുദിനം സുവിശേഷത്തിന്റെ പാത സ്വീകരിക്കുക: അതാണ് വിശുദ്ധി.

വിശുദ്ധിക്കുവേണ്ടിയുള്ള ഉത്സാഹവും ആനന്ദവുമില്ലാത്ത, നമ്മെ വഞ്ചിക്കുകയും ബുദ്ധിമാന്ദ്യമുള്ളവരും ഇടത്തരം കഴിവുകൾ മാ ത്രമുള്ളവരുമാക്കുകയും ചെയ്യുന്ന ലോകത്തിനും ലൗകിക മനഃസ്ഥിതിക്കും എതിരെയുള്ള ഒരു പോരാട്ടം ക്രിസ്തീയജീവിതത്തിലുണ്ടാകണം. ഈ ആത്മീയ പോരാട്ടത്തിനുവേണ്ടി കർത്താവ് നമുക്ക് നൽകിയിട്ടുള്ള ശക്തമായ ആയുധങ്ങളായ പ്രാർത്ഥന, ദൈവവചന ധ്യാനം, ദിവ്യബലിയർപ്പണം, ദിവ്യകാരുണ്യ ആരാധന, കൗദാശിക അനുരഞ്ജനം, ഉപവി പ്രവൃത്തികൾ എന്നിവയെ നാം ആശ്രയിക്കണം. തിന്മയെ ചെറുക്കാനുള്ള ജാഗ്രത, ദൈവത്തോടുള്ള വിശ്വസ്തത, നമ്മുടെ ആത്മീയ അധഃപതനത്തെക്കുറിച്ചു ള്ളവേദന, ലോകാരൂപി തിരിച്ചറിയാനുള്ള വിവേകം, കർത്താവിന്റെ വെളിച്ചത്തിൽ ജീവിക്കാനുള്ള തീക്ഷണത-ഇവയൊക്കെ നമ്മിൽ നിറച്ചുകൊണ്ട് ആനന്ദത്തിലേയ്ക്കുള്ള വിശുദ്ധിയുടെ പാതയിൽ നമുക്ക് ചരിക്കാം.




Printed and Published by Sr Vimala George on behalf of Sisters of Charity of St John of God and
Printed at Sterling Print House (P) Ltd. Door No:49/1849, Ponekkara P.O., Cochin-682 041.
Published at Sisters of Charity of St John of God, Kattappana South P.O., Idukki (Dt) 685 515.
E- mail: fortunekpna@gmail.com, Website: www.scjg.in., Editor: Sr Vimala George


SISTERS OF CHARITY OF ST JOHN OF GOD
Through the body to the soul
CONTACT DETAILS
Vocation Promoter
Sisters of Charity of St John of God
Kattappana South P.O
Ph: 08468 272744, Mob: 9961107153
E-mail: vocationscjg@gmail.com, Website: www.scjg.in